kerala
God's Own Country


ജനുവരി 2011

# പാഥേയം

HALF-YEARLY NEWSLETTER FROM THE KERALA INSTITUTE OF TOURISM AND TRAVEL STUDIES

KITTS

# ടൂറിസം വികസനത്തിൽ വ്യത്യസ്ത സമീപനവുമായി 'സപര്യ'




ടൂറിസം വികസനത്തിന് വ്യത്യസ്തമായൊരു സമീപനം സ്വീകരിച്ചുകൊണ്ട് കേരളത്തിൽ സപര്യ (Synergising Action Through Participatory Approach) എന്ന പേരിൽ പുതിയൊരു പദ്ധതി നടപ്പിലാക്കുന്നു. പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി ശാസ്ത്രീയമായ ആസൂത്രണത്തോടെ വികസിപ്പിക്കുന്നതു മുതൽ പ്രദേശത്തെ ജീവിതരീതിയും തൊഴിൽമേഖലകളും വരെ ടൂറിസം ഉൽപ്പന്നങ്ങളാക്കുന്ന പുത്തൻ സമീപനമാണ് ലോകത്തു തന്നെ സമാനമാതൃകകളില്ലാത്ത സപര്യ പദ്ധതിയിലൂടെ കൊണ്ടുവരുന്നത്.

ടൂറിസം വികസനത്തിലൂടെ തദ്ദേശവാസികൾക്ക് സുസ്ഥിരമായ വരുമാനം തുറന്നുകൊടുക്കുകയും ടൂറിസം വികസനത്തിൽ പ്രദേശവാസികളുടെ പങ്കാളിത്തവും മേൽനോട്ടവും ഉറപ്പാക്കുകയുമാണ് സപര്യ. പ്രദേശത്തെ മറ്റു തൊഴിൽമേഖലകളുമായി ടൂറിസത്തെ ബന്ധപ്പെടുത്തുക വഴി തദ്ദേശവാസികൾക്ക് അധിക വരുമാനം കണ്ടെത്താൻ കഴിയുന്ന തരത്തിലാണ് സപര്യ വിഭാവനം ചെയ്തിരിക്കുന്നത്. ടൂറിസം വികസനത്തിന്റെ ഭാഗമായി കണ്ടുവരുന്ന സാമൂഹിക-സാംസ്കാരിക പ്രശ്നങ്ങൾക്കും പരിസ്ഥിതിപ്രശ്നങ്ങൾ ഉൾപ്പെടെയുള്ള ആശങ്കകൾക്കും പരിഹാരം കൂടിയാണ് സപര്യ. ചുരുക്കത്തിൽ പങ്കാളിത്ത ആസൂത്രണത്തിലൂടെ ടൂറിസം വികസനമെന്ന ആശയത്തിലൂടെ രാജ്യത്തിനുതന്നെ പുതിയൊരു വികസനമാതൃക സപര്യയിലൂടെ കേരളം സംഭാവന ചെയ്യുകയാണ്.



കേരള ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസ്റ്റ് റിസോർട്സ് കേരള ലിമിറ്റഡ് (ടി.ആർ.കെ.എൽ) ആണ് സപര്യ പദ്ധതി നടപ്പിലാക്കുന്നത്. ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ടൂറിസം പദ്ധതികളും ഉൽപ്പന്നങ്ങളും പാക്കേജുകളും രൂപകൽപന ചെയ്ത് ടൂറിസം കേന്ദ്രമാക്കി വളർത്തുന്നതിനുള്ള എല്ലാ സൗകര്യങ്ങളുമൊരുക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും ടൂറിസംമേഖലയുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ ദീർഘകാലാടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ താഴേത്തട്ടിൽ നിന്നുള്ള ആസൂത്രണവും വികസനവുമാണ് ഉദ്ദേശിക്കുന്നത്. കൃഷി, മത്സ്യബന്ധനം, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയവയെ ടൂറിസവുമായി ബന്ധപ്പെടുത്തി പ്രദേശത്തിന്റെ സമഗ്രവികസനവും ഇതിലൂടെ സാധ്യമാകും.

പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. ഭാവിയിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേക്കും പദ്ധതി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കേരള ടൂറിസം വെബ്സൈറ്റിന് പാറ്റാ ഗോൾഡ് അവാർഡ്

2010-ലെ ഏറ്റവും മികച്ച ടൂറിസം വെബ്സൈറ്റിനുള്ള പാറ്റാ (PATA) ഗോൾഡ് അവാർഡ് കേരള ടൂറിസത്തിന്റെ www.keralatourism.org എന്ന ആഗോള കൺസ്യൂമർ ട്രാവൽ വെബ്സൈറ്റിനു ലഭിച്ചു.

ചൈനയിലെ മകാവ് നഗരത്തിൽ നടന്ന വർണ്ണശബളമായ ചടങ്ങിൽ, കേരള ടൂറിസം ഡയറക്ടർ ശ്രീ. എം. ശിവശങ്കർ, പാറ്റായുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മി. ഗ്രിഗറി സുഫലിൽനിന്ന് അവാർഡ് സ്വീകരിച്ചു.



M Sivasankar (middle) with PATA Gold Award, flanked by Gregory Duffel and Joao Manuel Costa Antunes, Director-Macau Govt Tourist Office

ഏഷ്യാ-പസഫിക് മേഖലയിൽ, ട്രാവൽ-ടൂറിസം പ്രവർത്തനങ്ങളിൽ മികവുറ്റ പ്രകടനം നടത്തുന്ന സ്ഥാപനങ്ങൾക്കും നൽകുന്ന അംഗീകാരമുദ്രകളാണ് പാറ്റാ അവാർഡുകൾ. ഇതിൽ ഏറ്റം ഉന്നതമായ പുരസ്കാരങ്ങളുടെ ശ്രേണിയിലാണ് പാറ്റാ ഗോൾഡ് അവാർഡ്.

"കേരളത്തിലെ ടൂറിസവ്യവസായത്തിനു മൊത്തത്തിൽ ലഭിച്ച അഭിനന്ദനമാണ് ഈ പുരസ്കാരം", കേരളാ ടൂറിസം സെക്രട്ടറി ഡോ. വി. വേണു പറഞ്ഞു. "കേരളത്തിന്റെ വിസ്മയാവഹമായ സഞ്ചാരാനുഭവങ്ങൾക്ക് ആഗോളപ്രചാരണം നൽകാനുള്ള കൂട്ടായ മാർക്കറ്റിങ് യത്നത്തിൽ കേരളാ ടൂറിസത്തിന്റെ ഏറ്റവും ശക്തമായ ഉപകരണമാണ് www.keralatourism.org."

ഏതാണ്ട് പത്തുലക്ഷത്തിലേറെ സഞ്ചാരകുതുകികളാണ് പ്രതിമാസം ഈ വെബ്സൈറ്റ് സന്ദർശിക്കുന്നത്. അതിനാൽത്തന്നെ കേരളത്തെ വിപണനം ചെയ്യുന്ന പ്രക്രിയയുടെ ഡിജിറ്റൽ അടിത്തറയായിവേണം www.keralatourism.org നെ കാണാൻ.

# ഉള്ളടക്കം

**മുഖലേഖനം**

4 ടൂറിസത്തിന്റെ പുതിയ സരണികൾ

ഡോ. ബി. വിജയകുമാർ

**യാത്ര**

6 സൈലന്റ്വാലി മുതൽ ഇടയ്ക്കൽഗുഹ വരെ

മാത്തുക്കുട്ടി ജെ. കുന്നപ്പള്ളി

**സഞ്ചാരിയുടെ ഡയറി**

8 കായലോളങ്ങളിൽ ചാഞ്ചാടി ഒരു സ്വപ്നയാത്ര

മാത്യു ജോർജ്ജ്

**കാൽവയ്പ്പുകൾ**

10 പുതിയ പാത; പുതിയ പരീക്ഷണം

ടി.കെ. മൻസൂർ

**വാർത്തകളിലൂടെ....**

11 നമുക്കു പഠിക്കാം.... ലെറ്റസ് ലേൺ.....!

കിറ്റ്സിൽ ലോക വിനോദസഞ്ചാരദിനാഘോഷം

12 കിറ്റ്സിന്റെ എം.ബി.എ. കോഴ്സ്

നിരുബയുടെ *അർദ്ധനാരീശ്വരൻ*

## Paatheyam

A Newsletter from KITTS

***Chief Patron***

**Kodiyeri Balakrishnan**
Minister for Tourism, Govt. of Kerala

***Patrons***

**Dr. V. Venu, IAS**
Secretary, Tourism

**M.Shivasankar, IAS**
Director, Tourism

Board of Editors

***Chief Editor***

**K.G. Mohanlal IFS**
Director, KITTS & MD, KTDC

***Executive Editor***

**Dr. B. Vijayakumar**
Principal, KITTS

***Editor***

**Venugopal C.K.**
Assistant Professor, KITTS

***Members***

**Sindhu S**, Faculty-KITTS

**Jimmy Kurien**, Faculty-KITTS

**Babu R.**, Faculty-KITTS

## സന്ദേശം

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

**ആഭ്യന്തര, ടൂറിസം വകുപ്പുമന്ത്രി**



**സുഹൃത്തുക്കളെ,**

കേരളത്തിലെ വിനോദസഞ്ചാരമേഖലയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു വർഷമാണ് കടന്നുപോയത്. ആഗോള, ദേശീയതലങ്ങളിൽ ടൂറിസംരംഗത്ത് മാന്ദ്യത്തിന്റെ കാലമായിരുന്നു ഇത്. കേരളത്തിലെ പല മേഖലകളിലും ഇത് പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. പ്രതിസന്ധികൾ തരണം ചെയ്യാൻ കേരളം വ്യക്തമായ നീക്കങ്ങൾ നടത്തിയതുമൂലം വ്യവസായത്തിന് കാര്യമായ ആഘാതമുണ്ടായിട്ടില്ല. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ ഈ കാലയളവിൽ കാര്യമായ വർദ്ധനവ് ഉണ്ടായി. വിദേശസഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടായെങ്കിലും ആകെ സന്ദർശകരുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് സാരമുള്ളതല്ല. ഈ വർഷത്തെ കേരള ട്രാവൽ മാർട്ട് എല്ലാ തലങ്ങളിലും നേട്ടം കൈവരിച്ചു. ഇതിന്റെ ഫലങ്ങൾ വരും വർഷത്തിൽ കേരളത്തിന് ഗുണംചെയ്യും എന്ന കാര്യത്തിൽ സംശയമില്ല. ഗ്രാന്റ് കേരള ഷോപ്പിങ് ഫെസ്റ്റിവൽ, ഹേ ഫെസ്റ്റിവൽ, ഉത്സവ് തുടങ്ങിയ വിവിധ സംരംഭങ്ങളിലും അന്തർദ്ദേശീയ തലത്തിലും കേരള ടൂറിസം ശക്തമായ സാന്നിദ്ധ്യം തെളിയിച്ചു. ഏറ്റവും മികച്ച വെബ്സൈറ്റിനുള്ള പാറ്റാ ഗോൾഡ് അവാർഡ് നേടിയതാണ് ഈ വർഷത്തെ മറ്റൊരു ശ്രദ്ധേയമായ നേട്ടം. ഈ വർഷം നടന്ന സംരംഭങ്ങളിൽ എല്ലാംതന്നെ യുവതലമുറയുടെ സജീവസാന്നിദ്ധ്യം പ്രകടമായി. ഈ അവസരത്തിൽ കേരള ടൂറിസത്തിന് പുതിയ ഉയരങ്ങൾ കീഴടക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഇതിനായി നിങ്ങളുടെ നിസ്വാർത്ഥ സേവനം ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്,

ആശംസകളോടെ

**കോടിയേരി ബാലകൃഷ്ണൻ**

## എഡിറ്റോറിയൽ

**സുഹൃത്തുക്കളേ,**

പുതിയ സഹസ്രാബ്ദത്തിനു തുടക്കം കുറിക്കുമ്പോൾ, ലോക സമ്പദ്വ്യവസ്ഥ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോവുകയായിരുന്നു. സാമ്പത്തികമാന്ദ്യവും അതിന്റെ പ്രത്യാഘാതങ്ങളും സമ്പദ്ഘടനയിൽ കാര്യമായ ചലനങ്ങൾ ഉളവാക്കി. ടൂറിസം രംഗവും ഇതിൽനിന്നും മുക്തമായിരുന്നില്ല. പാശ്ചാത്യരാജ്യങ്ങളിലും, ജപ്പാനുൾപ്പെടെയുള്ള ഏഷൻരാജ്യങ്ങളിലും സംഭവിച്ച തകർച്ച, നമ്മുടെ വിനോദസഞ്ചാരമേഖലയിലും ആശങ്കയുടെ കരിനിഴൽ പരത്തി.

കേരളത്തിന്, കടന്നുപോയ ദശാബ്ദത്തിൽ, ടൂറിസരംഗത്തു പിടിച്ചുനിൽക്കാനും അതിജീവിക്കാനും കഴിഞ്ഞത് സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സവിശേഷതകൾ ആകർഷകമായ രീതിയിൽ പാക്കേജ് ചെയ്യാനും മാർക്കറ്റിങ്ങിൽ നൂതനാശയങ്ങൾ സമന്വയിപ്പിച്ച് മികച്ച രീതിയിൽ വിപണനം ചെയ്യാനും കഴിഞ്ഞതുകൊണ്ടാണ്. പൊതുമേഖലയും സ്വകാര്യമേഖലയും നൂറുശതമാനം പരസ്പരധാരണയോടെ കൈകോർത്ത്, പി.പി.പി. (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) സംവിധാനത്തിൽ, ഇതര സംസ്ഥാനങ്ങൾക്ക് ഉത്തമമാതൃകയാകുംവിധമാണ് നാം പ്രവർത്തിച്ചത്. അതിന്റെ സദ്ഫലങ്ങൾ ഇരു മേഖലകളിലും ആത്മവിശ്വാസം വർദ്ധിപ്പിച്ചിട്ടുമുണ്ട്.

ഈ ആത്മവിശ്വാസത്തിന്റെ പ്രതിഫലനമാണ് കേരളാ ടൂറിസം പുതുതായി പ്രഖ്യാപിച്ച 'സപര്യ' പദ്ധതിയിൽ പ്രകടമാവുന്നത്. സംസ്ഥാനത്തെ ഒന്നാകെ ഒരു വിശിഷ്ട ലക്ഷ്യസ്ഥാനമാക്കി മാറ്റാൻ പര്യാപ്തമായ സപര്യയുടെ വിശദാംശങ്ങൾ *പാഥേയ*ത്തിന്റെ ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എല്ലാവർക്കും കിറ്റ്സിന്റെ നവവത്സരാശംസകൾ.

ആശംസകളോടെ,

**കെ.ജി. മോഹൻലാൽ,** ഡയറക്ടർ

**ശംഖുമുഖം പാർക്ക്, ചാച്ചാ നെഹ്റു ട്രാഫിക് പാർക്ക് ഉദ്ഘാടനം**

# മുത്തുച്ചിപ്പി പാർക്കിന്റെ നവീകരണം ഉടനെ: മന്ത്രി കോടിയേരി ബാലകൃഷ്ണൻ

**തിരുവനന്തപുരം:** ടൂറിസം വകുപ്പ് സുനാമി പുനരധിവാസപദ്ധതി പ്രകാരം നടപ്പാക്കിയ ശംഖുമുഖം പാർക്കിന്റെയും നവീകരിച്ച ചാച്ചാ നെഹ്റു ട്രാഫിക് ട്രെയിനിങ് പാർക്കിന്റെയും ഉദ്ഘാടനം ആഭ്യന്തര-ടൂറിസം മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിർവഹിച്ചു. ശംഖുമുഖത്ത് മുത്തുച്ചിപ്പി പാർക്കിന്റെ നവീകരണത്തിനായി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും പണി ഉടൻ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. തീരദേശത്തോടു ചേർന്ന ടൂറിസം കേന്ദ്രങ്ങളിൽ ടോയിലറ്റ് ബ്ലോക്കുകൾ നിർമ്മിക്കുമെന്നും അദ്ദേഹം അറിയിച്ചു. സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള പണികൾ മാർച്ചിനകം പൂർത്തിയാക്കും.



തുറമുഖ മന്ത്രി ശ്രീ. വി. സുരേന്ദ്രൻപിള്ള അദ്ധ്യക്ഷത വഹിച്ചു. ബീച്ചിനോടു ചേർന്ന് നിർമ്മിക്കുന്ന വലിയതുറ പോലീസ് സ്റ്റേഷൻ ടൂറിസം ഫ്രണ്ട്ലി സ്റ്റേഷനായിരിക്കുമെന്നു മന്ത്രി സുരേന്ദ്രൻപിള്ള പറഞ്ഞു. ശംഖുമുഖത്തെത്തുന്ന ടൂറിസ്റ്റുകൾക്കു വിശ്രമിക്കാനും പ്രാഥമികാവശ്യങ്ങൾക്കുമുള്ള കെട്ടിടം സ്റ്റേഷനോടു ചേർത്ത് നിർമ്മിക്കും. ഇന്ത്യൻ കോഫി ഹൗസ് ഇപ്പോൾ സ്ഥിതി ചെയ്യുന്നിടത്തുനിന്നു മാറ്റി അവിടെ പടിക്കെട്ടുകൾ നിർമ്മിച്ച് ടൂറിസ്റ്റുകൾക്ക് വിശ്രമിക്കാൻ സൗകര്യമൊരുക്കും. ശംഖുമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിന് അടുത്ത ബജറ്റിൽ തുക വകകൊള്ളിക്കുമെന്നും മന്ത്രി പറഞ്ഞു.





ഗ്രാൻഡ് കേരള ഷോപ്പിങ് ഫെസ്റ്റിവൽ ഡയറക്ടർ ശ്രീ. കെ.എൻ. സതീഷ്, സിറ്റി പോലീസ് കമ്മീഷണർ ശ്രീ. എം.ആർ. അജിത്കുമാർ, കൗൺസിലർ ശ്രീമതി ലതാ മങ്കേഷ്കർ തുടങ്ങിയവർ പ്രസംഗിച്ചു.

**ഗ്രാൻഡ് കേരള ഷോപിംഗ് ഫെസ്റ്റിവൽ**

# ഒന്നാം സമ്മാനങ്ങൾ കണ്ണൂരിലും തിരുവനന്തപുരത്തും

**കണ്ണൂർ:** ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസിറ്റിവൽ സീസൺ ഫോറിലെ പ്രഥമ പ്രതിവാര നറുക്കെടുപ്പിലെ ഒന്നാം സമ്മാനങ്ങളിൽ 25 പവൻ സ്വർണാഭരണത്തിന്റെ ഒരു സമ്മാനം കണ്ണൂരിന് ലഭിച്ചു.

തിരുവനന്തപുരത്ത് രണ്ട് പ്രമുഖ സ്വർണ്ണാഭരണശാലകളിൽ നിന്നെടുത്ത കൂപ്പണുകൾക്കാണ് 25 പവൻ വീതം സ്വർണാരണങ്ങൾ ലഭിച്ചത്. കണ്ണൂർ ടൗൺ സ്ക്വയറിൽ നടന്ന ചടങ്ങിൽ മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ ഒന്നാം സമ്മാനത്തിന്റെ നറുക്കെടുപ്പു നടത്തി. ഏഴു സ്വർണകുടങ്ങളിൽ നിന്നാണ് സമ്മാനാർഹരെ കണ്ടെത്തിയത്. മറ്റു സമ്മാനാർഹരെ ചടങ്ങിൽ അധ്യക്ഷനായിരുന്ന ശ്രീ. എം. പ്രകാശൻ എം.എൽ.എ. ഉൾപ്പെടെയുള്ളവർ തെരഞ്ഞെടുത്തു.

grand kerala shopping festival

വ്യത്യസ്ത മതസ്ഥരുടെ ഉത്സവകാലഘട്ടമാണിതെങ്കിലും ഏതു മതസ്ഥർക്കും പങ്കെടുക്കാവുന്ന ഉത്സവമാണ് ഗ്രാൻഡ് കേരള ഫെസ്റ്റിവലെന്നു ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കവെ മന്ത്രി കടന്നപ്പള്ളി പറഞ്ഞു. കണ്ണൂർ വിമാനത്താവളം, ഏഴിമല നാവിക അക്കാദമി, അഴീക്കൽ പോർട്ട് ഉൾപ്പെടെ നിരവധി ഭൗതിക സാഹചര്യങ്ങൾ ഒരുങ്ങുന്ന വേളയിൽ വ്യാപാരി വ്യവസായികൾക്ക് ഏറ്റവും അനുയോജ്യമായ സാഹചര്യമാണ് ഗ്രാൻഡ് കേരള ഫെസ്റ്റിവലെന്നും മന്ത്രി പറഞ്ഞു.



ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രഫ. കെ.എ സരള, നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. എം.സി ശ്രീജ, മേള ഡയറക്ടർ ശ്രീ. കെ.എൻ സതീഷ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ജില്ലാ കളക്ടർ ശ്രീ. വി.കെ ബാലകൃഷ്ണൻ സ്വാഗതവും വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. എം.സി കനകാംബരൻ നന്ദിയും പറഞ്ഞു.

## കിറ്റ്സ് ജർണലിന് ഐ.എസ്.എസ്.എൻ. ലഭ്യമായി

അച്ചടി, ഇലക്ട്രോണിക് മാദ്ധ്യമ പ്രസിദ്ധീകരണങ്ങളെ അവയുടെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ ഉയർത്തിക്കാട്ടുന്ന ഐ.എസ്.എസ്.എൻ. പട്ടികയിൽ





കിറ്റ്സിന്റെ 'ഇന്ത്യൻ ജർണൽ ഓഫ് ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്' എന്ന ജേർണലിനു സ്ഥാനം ലഭിച്ചു. ഇന്റർനാഷണൽ സ്റ്റാൻഡേർഡ് സീരിയൽ നമ്പർ (ഐ.എസ്.എസ്.എൻ) ഓരോ പ്രസിദ്ധീകരണത്തിനും തനതായി നൽകുന്ന എട്ടക്ക നിലവാരവും പ്രസിദ്ധീകരണമേന്മയും അടിസ്ഥാനമാക്കിയാണ് അംഗീകാരം ലഭിച്ചത്. 1971-ൽ ഐ.എസ്.ഒ. ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ആയി രൂപംനൽകിയ ഐ.എസ്.എസ്.എൻ; 1975 ഐ.എസ്.ഒ. 3297 ആയി പ്രസിദ്ധീകരിക്കപ്പെട്ടു.

## വൈകല്യബാധിതർക്ക് ഹോട്ടലുകളിൽ പ്രത്യേക സംവിധാനങ്ങൾ

**ന്യൂഡൽഹി:** കാലഘട്ടത്തിന്റെ വെല്ലുവിളികളും സാമൂഹികനീതിയുടെ ആവശ്യകതയും കണക്കിലെടുത്ത് രാജ്യത്തെ എല്ലാ ഹോട്ടലുകളിലും, ബുദ്ധിപരമായ മാന്ദ്യവും ശാരീരികമായ വൈകല്യങ്ങളുമുള്ളവർക്കുവേണ്ടി പ്രത്യേക സംവിധാനങ്ങളൊരുക്കാൻ കേന്ദ്ര ടൂറിസം മന്ത്രാലയം ആവശ്യപ്പെട്ടു. വീൽചെയറുകൾ സുഗമമായി ഉരുട്ടിക്കയറ്റാവുന്ന റാമ്പുകൾ, ടോയ്‌ലറ്റുകളുടെ ഉള്ളിലേക്കു തുറക്കുന്ന വാതിലുകൾ തുടങ്ങി രൂപകല്പനാപരമായ മാറ്റങ്ങളും, വൈകല്യബാധിതർക്ക് അനായാസം പ്രവർത്തിപ്പിക്കാനുതകുന്ന വിവിധ ഉപകരണങ്ങളുടെയും, കളിക്കോപ്പുകളുടെയും ലഭ്യതയും ഉറപ്പുവരുത്തണമെന്ന് മന്ത്രാലയം നിഷ്കർഷിക്കുന്നു.



നിലവിൽ പ്രവർത്തിക്കുന്നവയും ഭാവിയിൽ നിർമ്മാണം നടത്തുന്നവയുമായ എല്ലാ ഹോട്ടലുകളിലും 2010 സെപ്റ്റംബറോടെ ഇതനുസരിച്ചുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണമെന്ന് മന്ത്രാലയത്തിന്റെ ഉത്തരവിൽ പറയുന്നു. അന്തർദ്ദേശീയ നിലവാരത്തിലായിരിക്കണം ഈ സംവിധാനങ്ങളെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ലേഖനം

**ഡോ. ബി. വിജയകുമാർ**
*പ്രിൻസിപ്പൽ, കിറ്റ്സ്*

# ടൂറിസത്തിന്റെ പുതിയ സരണികൾ

അനുദിനം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന, പുതുമ തേടുന്ന, ഏറ്റവും പരിഷ്കാരമാർന്ന ടൂറിസം വ്യവസായം പുതിയതരം ടൂറിസത്തിനു രൂപംനൽകിക്കൊണ്ടിരിക്കുകയാണ്. ഫാം ടൂറിസം, റൂറൽ ടൂറിസം, സ്പോർട്സ് ടൂറിസം, മെഡിക്കൽ ടൂറിസം, സൈബർ ടൂറിസം, സ്പെയിസ് ടൂറിസം തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു. ഇതോടൊപ്പംതന്നെ ടൂറിസംരംഗത്ത് പിൽഗ്രിം ടൂറിസം, സ്പിരിചൽ ടൂറിസം, ഗ്രീൻ ടൂറിസം, വൈൽഡ് ലൈഫ് ടൂറിസം, സഫാരി ടൂറിസം, എത്ത്നിക് ടൂറിസം, കൾച്ചറൽ ടൂറിസം, ഡാർക്ക് ടൂറിസം തുടങ്ങിയ രൂപങ്ങളും ചർച്ച ചെയ്യപ്പെടുന്നുണ്ട്. മേൽപ്പറഞ്ഞവയിൽ കുറച്ചൊക്കെ പ്രചാരം കൈവരിക്കുകയും ഗുണദോഷഫലങ്ങൾ ചർച്ചചെയ്യപ്പെടുകയും ചെയ്യുന്ന ഇനങ്ങളെക്കുറിച്ച് വളരെ ഹ്രസ്വമായി പ്രതിപാദിക്കാം.

## കാർഷിക ടൂറിസം

ഗ്രാമീണ പശ്ചാത്തലത്തിൽ കൃഷിയും ടൂറിസവും തമ്മിൽ സമരസപ്പെടുത്തി തൊഴിലും വരുമാനവും ആകർഷണവും ആഹ്ലാദവും വർദ്ധിപ്പിക്കാമെന്ന ചിന്തയാണ് ഫാം ടൂറിസം അഥവാ അഗ്രോടൂറിസത്തിന്റെ പ്രേരകശക്തി. കർഷകരോടൊത്ത് ഗ്രാമാന്തരങ്ങളിൽ താമസിക്കുക, കാർഷികരീതി കാണുക, പഠിക്കുക, കൃഷിയിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പഴവർഗങ്ങളും മറ്റു കാർഷികോൽപ്പന്നങ്ങളും ഭക്ഷിച്ച് ഗ്രാമീണജീവിതത്തിന്റെ ഭാഗമാകുക തുടങ്ങി കർഷകനിലും കാർഷികവൃത്തിയലും ഉൽപന്ന-വിതരണപ്രക്രിയയിലും പങ്കുചേർന്ന് വിശ്രമവേളകൾ ആനന്ദകരമായി ചെലവിടുന്നത് ഫാം ടൂറിസത്തിന്റെ പ്രത്യേകതയാണ്. 1990 കളിൽ പോളണ്ടിലെ ഫാം ഹൗസുകളിൽ ഉപയോഗിക്കാതെ കിടന്ന സൗകര്യങ്ങൾ ടൂറിസ്റ്റുകൾക്ക് പ്രദാനം ചെയ്തുകൊണ്ട് പോളണ്ട്, ഫാം ടൂറിസത്തെ പ്രോത്സാഹിപ്പിച്ചു. കാർഷികമേഖലയുടെ സംരക്ഷണം, കാർഷിക വൈവിധ്യവൽക്കരണം, പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ എന്നിവയിലൂടെ ടൂറിസത്തെ പോളണ്ടിന്റെ സാമ്പത്തികവളർച്ചയുടെ ഉപകരണമാക്കുന്ന നയമാണ് ആ രാജ്യം സ്വീകരിച്ചത്. 1990-ൽ ചെക്ക് റിപ്പബ്ലിക്കിന്റെ സാമ്പത്തികമന്ത്രകാര്യാലയം യൂറോപ്യൻ സെന്റർ ഫോർ ഇക്കോ അഗ്രോടൂറിസമെന്ന (ഇ.സി.ഇ.എ.ടി) ആശയം മുന്നോട്ടുവച്ചെങ്കിലും 1995-ൽ മാത്രമാണ് അംഗീകരിക്കപ്പെട്ടത്. തുടർന്ന് ടൂറിസവും ഗ്രാമവികസനവും ബന്ധപ്പെടുത്തി 'ടൂറിസം അറ്റ് ദി സർവീസ് ഒഫ് റൂറൽ ഡെവലപ്പ്മെന്റ്' എന്ന പദ്ധതി 1995-ൽ ആരംഭിച്ചു. കൃഷി, പൈതൃകം, ഗ്രാമവികസനം, ദാരിദ്ര്യനിർമ്മാർജനം എന്നിവ ചെക്ക് ടൂറിസംനയത്തിന്റെ ഭാഗമായി മാറുകയും ചെയ്തു.

ഫാം ടൂറിസത്തിന് ഒരു ഉത്തമോദാഹരണമാണ് തയ്‌വാൻ. പുഷ്പങ്ങളും പഴവർഗങ്ങളുമാണ് തയ്‌വാനിലെ പ്രധാന ഫാം ടൂറിസം ഉൽപ്പന്നങ്ങൾ. തയ്‌വാന്റെ കാർഷികോൽപന്നത്തിന്റെ ഇരുപത്തിയഞ്ചുശതമാനം, മുപ്പതോളം ഇനം പഴവർഗങ്ങളിൽനിന്നാണ് ലഭിക്കുന്നത്. കാലാവസ്ഥയ്ക്കും മണ്ണിനും അനുകൂലമായ ഇനങ്ങൾ പരമാവധി ഉൽപ്പാദിപ്പിക്കുകയെന്നതാണ് തയ്‌വാന്റെ നയം. പഴങ്ങൾ, പുഷ്പങ്ങൾ, മറ്റു കാർഷി



**കർഷകരോടൊത്ത് ഗ്രാമാന്തരങ്ങളിൽ താമസിക്കുക, കാർഷികരീതി കാണുക, പഠിക്കുക, കൃഷിയിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന പഴവർഗങ്ങളും മറ്റു കാർഷികോൽപ്പന്നങ്ങളും ഭക്ഷിച്ച് ഗ്രാമീണജീവിതത്തിന്റെ ഭാഗമാകുക..... വിശ്രമവേളകൾ ആനന്ദകരമായി ചെലവിടുന്നത് ഫാം ടൂറിസത്തിന്റെ പ്രത്യേകതയാണ്.**



കോൽപ്പന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിച്ചും ഹോട്ടലുകളും റസ്റ്റോറന്റുകളും പ്രവർത്തിപ്പിച്ചും ഗ്രാമീണപശ്ചാത്തലത്തിൽ ടൂറിസത്തിലേർപ്പെടുന്ന ധാരാളം ഫാം ടൂറിസം ഗ്രൂപ്പുകൾ തയ്‌വാനിലുണ്ട്. വിവിധയിനം പഴവർഗങ്ങളുടെ ഉൽപ്പാദനവും സംസ്കരണവും വൈൻ ടൂറിസത്തിന്റെ മേഖലയിൽ തയ്‌വാന് വൻനേട്ടം കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്.

പുഷ്പക്കൃഷിയാണ് മറ്റൊരു പ്രധാന മേഖല. പൂക്കളുടെ കയറ്റുമതിയിൽ തയ്‌വാന് ലോകത്ത് 18-ാം സ്ഥാനവും ഏഷ്യയിൽ രണ്ടാം സ്ഥാനവുമാണുള്ളത്. സർക്കാർ, സ്വകാര്യമേഖല, കർഷകർ, ശാസ്ത്രജ്ഞർ തുടങ്ങിയവരുടെ സഹകരണവും മെച്ചപ്പെട്ട ബന്ധവും ശാസ്ത്രീയമായി പുഷ്പക്കൃഷി നടത്തുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും തയ്‌വാനെ ഏറെ സഹായിച്ചിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി 2004-ൽ ഈ രാജ്യം ഒരു 'ഫ്ളവർ എക്സ്പോ' സംഘടിപ്പിച്ചു. ഇതിന്റെ മുന്നൊരുക്കമായി പ്രാദേശിക ഹോട്ടലുകളോടും റസ്റ്റോറന്റുകളോടും ടൂർ പാക്കേജുകൾ തയാറാക്കാൻ നിർദ്ദേശിക്കുകയും പഴവർഗങ്ങൾ, പുഷ്പങ്ങൾ, ആഹാരം എന്നിവ ആസ്വദിക്കുന്നതിനുള്ള വേദിയൊരുക്കുകയും ചെയ്തു. ശാസ്ത്രീയമായി പുഷ്പക്കൃഷി നടത്തുന്നിനും കമനീയമായി അലങ്കരിച്ച് പ്രദർശിപ്പിക്കുന്നതിനുമുള്ള വൈദഗ്ധ്യം മറ്റു രാജ്യങ്ങളിൽനിന്നും നേടി നടപ്പിൽവരുത്തിയതിനാൽ 2004-ൽ തയ്‌വാനിലെത്തിയ വിദേശടൂറിസ്റ്റുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തി. തയ്‌വാനോടൊപ്പംതന്നെ കൃഷിയിടങ്ങൾ പ്രയോജനപ്പെടുത്തി ഫാം ടൂറിസം വിപുലപ്പെടുത്താനുള്ള ശ്രമം പല വിദേശരാജ്യങ്ങളിലും നടക്കുന്നുണ്ട്.

## കാർഷികടൂറിസം ഇന്ത്യയിൽ

വൻകിട കൃഷിയിടങ്ങൾ പ്രയോജനപ്പെടുത്തി ഫാം ടൂറിസം പ്രചിരിപ്പിക്കുവാനുള്ള നടപടികൾ ചെറിയതൊതിലാണെങ്കിലും ഇന്ത്യയിലും ആരംഭിച്ചിട്ടുണ്ട്. രാജ്യത്തിന്റെ തലസ്ഥാനമായ ഡൽഹിയോട് ചേർന്നുകിടക്കുന്ന ഹരിയാനയിലെ നാലു ജില്ലകളിലായി ഏകദേശം പതിമൂന്ന് ഫാം ഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫാം ഹൗസുകളെ കേന്ദ്രീകരിച്ച് വികസിപ്പിച്ചിട്ടുള്ള ടൂറിസത്തിന്റെ പ്രത്യേകതകൾ എന്തെന്ന് നോക്കാം.

* ഫാം ഉടമകൾ തന്നെ അതിഥിയായും പലപ്പോഴും ഗൈഡായും സഞ്ചാരികൾക്ക് ഗ്രാമാന്തരീക്ഷം പരിചയപ്പെടുത്തുന്നു.

* ഗ്രാമസഭ, നാടൻകല, ഉത്സവങ്ങൾ, ആചാരങ്ങൾ, കരകൗശലപ്പണി എന്നിവ പരിചയപ്പെടുത്തി ടൂറിസ്റ്റുകൾക്ക് തദ്ദേശീയരെ മനസ്സലാക്കാനുള്ള വേദി ഒരുക്കുന്നു.

* പ്രാദേശികമേളകൾ, കായികവിനോദം, വിവാഹം എന്നിവയിൽ പങ്കെടുക്കുവാൻ അവസരമൊരുക്കുന്നു.

* കൃഷിയിടങ്ങൾ കാണുവാനും കാർഷികരീതി പഠിക്കുവാനും കൃഷിയുപകരണങ്ങൾ ഉപയോഗിക്കുവാനും (ഉദാ: ട്രാക്ടർ ഉപയോഗിച്ച് ഉഴുവുക) കൃഷിയിടങ്ങളിലെ സ്വച്ഛന്തമായ അന്തരീക്ഷത്തിലും ചുറ്റുപാടിലും താമസിക്കുവാനുമുള്ള അവസരമൊരുക്കുന്നു.

ഇങ്ങനെ ഹരിയാന ടൂറിസംവകുപ്പിന്റെ നേതൃത്വത്തിൽ കൃഷിയിടങ്ങൾ കേന്ദ്രീകരിച്ച കൃഷിയും ടൂറിസവും വികസിപ്പിക്കുന്നതിൽ തന്ത്രങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

## കേരളത്തിലെ സാധ്യതകൾ

മെച്ചപ്പെട്ട ടൂറിസംപ്രവർത്തനങ്ങൾക്ക് ദേശീയ-അന്തർദ്ദേശീയതലത്തിൽ നിരവധി അംഗീകാരം നേടിയിട്ടുള്ള കേരളം പുതിയ ടൂറിസം ഉൽപന്നങ്ങൾ അവതരിപ്പിച്ച് മുന്നേറാനുള്ള ശ്രമത്തിലാണ്. ഈ ഗണത്തിൽ ഏറെ സാധ്യതയുള്ള ഒരു മേഖലയാണ് കാർഷികാധിഷ്ഠിത ടൂറിസം. ജനസാന്ദ്രത ഏറെയുള്ള കേരളത്തിൽ ഹരിയാനയെപ്പോലെ വൻതോതിൽ ഫാംടൂറിസം വികസിപ്പിക്കുക അത്ര എളുപ്പമല്ല. എന്നാൽ, കേരളത്തിലെ കാർഷികമേഖലയെ പലതായി തരംതിരിച്ചുകൊണ്ടുള്ള അഗ്രോ ടൂറിസത്തെക്കുറിച്ച് ചിന്തിക്കാം. പ്രായേണ നല്ല കാലാവസ്ഥയിൽ നിലനിൽക്കുന്ന വിശാലമായ തേയില, കാപ്പി, റബർ തോട്ടങ്ങൾ കേന്ദ്രീകരിച്ച് താമസം, കോൺഫറൻസ് എന്നിവയ്ക്കുവേണ്ട സൗകര്യങ്ങൾ സൃഷ്ടിച്ചാൽ ടൂറിസ്റ്റുകളെ ഈ തോട്ടങ്ങളിലേക്കാകർഷിക്കാം. കാർഷികരീതി, വിളവെടുപ്പ് എന്നിവ കണ്ടറിയുവാനുള്ള അവസരവുമൊരുക്കാം. തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ വൻതോതിൽ പച്ചമരുന്നുകൃഷി, അവയുടെ സംസ്കരണം എന്നിവയ്ക്കുള്ള സൗകര്യമൊരുക്കുകവഴി കൃഷിയും ആയുർവേദവും ബന്ധിപ്പിച്ചുള്ള ടൂറിസംപദ്ധതി ആവിഷ്കരിക്കാം. കൃഷിയിടങ്ങളോടുചേർന്ന് ഇക്കോ ഹൗസുകൾ സ്ഥാപിച്ച് സഞ്ചാരികൾക്ക് താമസസൗകര്യവും ലഭ്യമാക്കാം. കാർഷികരംഗത്ത് ഇടവിളകളായി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും അവ ഉപയോഗിക്കുന്ന പ്രത്യേകതരം ഹോട്ടലുകളും റസ്റ്റോറന്റുകളും പ്രോത്സാഹിപ്പിക്കുന്നത് ടൂറിസത്തിന് പ്രയോജനം ചെയ്യും. നെൽക്കൃഷി പ്രായേണ കുറഞ്ഞുവരുന്ന ഇക്കാലത്ത് കുട്ടനാട്, പാലക്കാട് പ്രദേശങ്ങളിൽ കൃഷിനിലനിർത്തുവാനും, കൃഷിരീതിയും വിളവെടുപ്പും കാണുവാനും പഠിക്കുവാനും ആസ്വദിക്കുവാനുമുള്ള വേദിയൊരുക്കാം. നിലമൊരുക്ക്, വിത്തുവിതയ്ക്കൽ, ഞാറുനടീൽ തുടങ്ങിയവ ഇളംതലമുറയ്ക്ക് പരിചയപ്പെടുത്താം. വിളവെടുപ്പ് മഹോത്സവങ്ങൾ ടൂറിസത്തിന്റെ ഭാഗമായി നടപ്പാക്കാം. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണമാണ് മറ്റൊരു മേഖല. പഴം, പച്ചക്കറി, മറ്റുൽപ്പന്നങ്ങൾ എന്നിവ സംസ്കരണം ചെയ്ത് വിപണനം നടത്തുന്നിന് സ്വയംസഹായസംഘങ്ങളുടെ ശൃംഖല സ്ഥാപിക്കാം. ഇത് ഗ്രാമീണവ്യവസായമാക്കുകവഴി ഗ്രാമീണജീവിതവും കാർഷികോൽപ്പന്നങ്ങളും അനുഭവിച്ചറിയുവാനുള്ള വേദി ടൂറിസ്റ്റുകൾക്കായി ഒരുക്കാം. നല്ല രീതിയിൽ നടക്കുന്ന ടൂറിസം വ്യവസായത്തിന് ഇത് കൂടുതൽ പിൻബലം നൽകുകയും ചെയ്യും.

## സ്പോർട്സ് ടൂറിസം

ടൂറിസം മേഖല വൈവിധ്യവൽക്കരിക്കുകയും താൽപര്യാധിഷ്ഠിത ടൂറിസംപരിപാടികൾ ശക്തിയാർജ്ജിക്കുകയും ചെയ്യുന്നതിനുള്ള മറ്റൊരു ഉദാഹരണമാണ് സ്പോർട്സ് ടൂറിസത്തിന്റെ വർധിച്ചുവരുന്ന പ്രസക്തിയും പ്രചാരവും. ഒരു സമീപകാല പ്രതിഭാസമാണെങ്കിലും സ്പോർട്സിനും ടൂറിസത്തിനും വളരെയേറെ സമാനതകളുമുണ്ട്. വിശ്രമവേളകൾ ഉല്ലാസകരമായി ചെലവഴിക്കുന്നതിനുവേണ്ടിയാണ് ഇവ രണ്ടിലും ജനങ്ങൾ ഇടപെടുന്നത്. ടൂറിസ്റ്റുകൾ മാനസികോല്ലാസത്തിനായി ലക്ഷ്യസ്ഥാനങ്ങളിൽ നീന്തൽ, സ്കൈയിങ്, സൈക്കിളിങ് തുടങ്ങിയ ആയാസരഹിതമായ സ്പോർട്സിൽ എക്കാലവും ഇടപെട്ടിരുന്നതായി കാണാം. സാഹസികടൂറിസത്തിൽ ഉൾക്കൊള്ളുന്ന പലയിനങ്ങളും സ്പോർട്സ് ടൂറിസത്തിൽ കാണാമെങ്കിലും ഇത് ഒരു പ്രത്യേകശാഖയായി വളർന്നത് സമീപകാലത്താണ്. മെച്ചപ്പെട്ട രീതിയിൽ രാജ്യാന്തരബന്ധങ്ങൾ സ്ഥാപിക്കുന്നതിലും ലോകഗ്രാമമെന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിലേക്ക് നയിക്കുന്നതിലും ടൂറിസവും സ്പോർട്സും പ്രശംസാർഹമായ സേവനമാണ് നൽകുന്നത്.

സാങ്കേതികവിദ്യയുടെയും മാധ്യമങ്ങളുടെയും പ്രചാരം മൂലം ലോകത്തിന്റെ ഏതു കോണിൽവച്ചുനടത്തപ്പെടുന്ന സ്പോർട്സും ഏവർക്കും കാണുവാനുള്ള സാഹചര്യം സംജാതമായിട്ടുണ്ട്. ലോകോത്തരങ്ങളായ പല സ്പോർട്സ് പരിപാടികളും പലപ്പോഴും പ്രമുഖ ടൂറിസംകേന്ദ്രങ്ങളുടെ സമീപത്ത് നടത്തിവരുന്നതും പരോക്ഷമായി ടൂറിസത്തിന്റെ വളർച്ചയെ സഹായിച്ചുപോന്നിട്ടുണ്ട്. ഒളിമ്പിക്സ്, ഏഷ്യാഡ് തുടങ്ങിയ അന്താരാഷ്ട്ര സ്പോർട്സ് സംരംഭങ്ങൾ പുതിയ പ്രദേശങ്ങളെയും ലക്ഷ്യസ്ഥാനങ്ങളെയും കുറിച്ചുള്ള അവബോധം സ്പോർട്സ് പ്രേമികളിൽ സൃഷ്ടിക്കുകയും അവ നടത്തപ്പെടുന്ന പ്രദേശങ്ങൾ പ്രായേണ വിനോദസഞ്ചാരികളുടെ പട്ടികയിൽ ഉൾപ്പെടുകയും ചെയ്യുന്നു. അത്‌ലറ്റുകൾ, രാഷ്ട്രീയ-പൊതുമേഖലാസ്ഥാപന മേധാവികൾ, കോച്ചുകൾ, കാഴ്ചക്കാർ, ക്ലബ്ബുകൾ, ലീഗുകൾ, അസോസിയേഷനുകൾ, മാധ്യമപ്രവർത്തകർ തുടങ്ങിയ സ്പോർട്സ് സംരംഭവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരെല്ലാം ദേശീയ-അന്തേർദ്ദേശീയതലത്തിൽ സഞ്ചരിക്കുകയും താമസിക്കുകയും ചെയ്തുകൊണ്ട വിനോദസഞ്ചാരത്തിന്റെ ഭാഗമായിത്തീരുന്നു.

സ്പോർട്സ് ടൂറിസത്തിന്റെ വർധിച്ചുവരുന്ന പ്രസക്തി കണക്കിലെടുത്ത് ലോക ടൂറിസം സംഘട(WTO)യും അന്താരാഷ്ട്ര ഒളിമ്പിക്സ് കമ്മിറ്റി(IOC)യും ചേർന്ന് സ്പോർട്സ് ടൂറിസത്തെക്കുറിച്ച് ആദ്യത്തെ ലോകസമ്മേളനം 2001 ഫെബ്രുവരി 21, 22 തീയതികളിൽ സ്പെയിനിലെ ബാർസിലോണിയായയിൽവച്ച് നടത്തുകയുണ്ടായി. സിഡ്നി ഒളിബിക്സ് ഗയിംസ്, യൂറോപ്യൻ ഫുട്ബോൾ ചാമ്പ്യൻഷിപ് എക്സ്പോ 2000, വത്തിക്കാൻ ജൂബിലി തുടങ്ങിയവ മൂലം കഴിഞ്ഞ ദശകത്തിൽ അന്താരാഷ്ട്ര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 7.4% വർധനവ് വന്നതായി സ്പോർട്സ് ലോകസമ്മേളനം വിലയിരുത്തുകയുണ്ടായി. വ്യാവസായികരാജ്യങ്ങളുടെ മൊത്ത ദേശീയഉൽപ്പന്നത്തിന്റെ (GDP) രണ്ടു ശതമാനംവരെ സ്പോർട്സിൽനിന്നും, 4 മുതൽ 6 ശതമാനം വരെ ടൂറിസത്തിൽനിന്നുമാണ് ലഭ്യമാകുന്നത്. അന്താരാഷ്ട്ര ടൂറിസ്റ്റുകളെ ഏറെ പ്രദാനം ചെയ്യുന്ന യൂറോപ്യൻ രാജ്യങ്ങളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജർമ്മനിയിൽനിന്നുള്ള ടൂറിസ്റ്റുകളുടെ അമ്പത്തിയഞ്ചു ശതമാനവും ഡച്ചിൽനിന്നും വരുന്ന അമ്പത്തിരണ്ടുശതമാനവും ഫ്രാൻസിൽനിന്നുള്ളവരുടെ ഇരുപത്തിമൂന്ന് ശതമാനവും സ്പോർട്സ് പ്രേമികളാണെന്നു കാണാം. സ്കൂബാഡൈവിങ്, സ്കൈയിങ്, നീന്തൽ എന്നിവയാണ് സഞ്ചാരികൾ ഏറെ ഇഷ്ടപ്പെടുന്ന ഇനങ്ങൾ. ഈ വക പ്രത്യേകതകൾ കണക്കിലെടുത്ത് നിലവാരമുള്ള സ്പോർട്സ് മത്സരങ്ങൾ നടത്തി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാനുള്ള പദ്ധതികൾ കണക്കിലെടുത്ത് നിലവാരമുള്ള സ്പോർട്സ് മത്സരങ്ങൾ നടത്തി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാനുള്ള പദ്ധതികൾ വിവിധരാജ്യങ്ങൾ കൈക്കൊണ്ടുവരുന്നു. മാത്രമല്ല തദ്ദേശീയ പ്രാധാന്യമുള്ള സ്പോർട്സ് കാണുവാനും പഠിക്കുവാനും താൽപ്പര്യമുള്ള സഞ്ചാരികളുടെ എണ്ണവും വർദ്ധിച്ചുവരുന്നുണ്ട്. പ്രാദേശിക പ്രത്യേകതയുള്ള സ്പോർട്സ് ഇനങ്ങൾ ടൂറിസവുമായി ബന്ധപ്പെടുത്തി വികസിപ്പിച്ചാൽ പ്രാദേശികവികസനത്തിനും വരുമാനവർധനവിനും ടൂറിസംവികസനത്തിനും സഹായകമാകുമെന്ന് ലോകടൂറിസം സമ്മേളനം വിലയിരുത്തുന്നു.

**ഒരു സമീപകാല പ്രതിഭാസമാണെങ്കിലും സ്പോർട്സിനും ടൂറിസത്തിനും വളരെയേറെ സമാനതകളുമുണ്ട്. വിശ്രമവേളകൾ ഉല്ലാസകരമായി ചെലവഴിക്കുന്നതിനുവേണ്ടിയാണ് ഇവ രണ്ടിലും ജനങ്ങൾ ഇടപെടുന്നത്. ടൂറിസ്റ്റുകൾ മാനസികോല്ലാസത്തിനായി ലക്ഷ്യസ്ഥാനങ്ങളിൽ നീന്തൽ, സ്കൈയിങ്, സൈക്കിളിങ് തുടങ്ങിയ ആയാസരഹിതമായ സ്പോർട്സിൽ എക്കാലവും ഇടപെട്ടിരുന്നതായി കാണാം.**




(കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ടൂറിസം-വളർച്ചയും വികാസവും' എന്ന ഗ്രന്ഥത്തിൽനിന്ന്)




മാത്തുക്കുട്ടി ജെ. കുന്നപ്പള്ളി

## കെ.ടി.ഡി.സി.യുടെ ആതിഥ്യത്തിൽ

# സൈലന്റ്‌വാലി മുതൽ ഇടയ്ക്കൽ ഗുഹ വരെ











നിശ്ശബ്ദതാഴ്‌വരയുടെ നിലനിൽപ്പിനുവേണ്ടിയുള്ള നിലവിളി, നാടെങ്ങുമുള്ള പരിസ്ഥിതിവാദികളും ലോകമൊട്ടാകെയുള്ള പ്രകൃതിസ്നേഹികളും ഏറ്റെടുത്ത നാളുകളിൽ ഉള്ളിൽ മൊട്ടിട്ട സഞ്ചാരമോഹമായിരുന്നു അത്.

സൈലന്റ്‌വാലിയെന്ന പൈതൃകഭൂമിയിൽ ഒരു തവണയെങ്കിലും കാൽകുത്തണം. ഭൂഗോളത്തിന്റെ നാനാദിശകളിലുമുള്ള നിരവധി നാടുകളിൽ പോയിട്ടുണ്ട്. മരുഭൂമി കുഴിച്ചു പണം വാരുന്ന നാടുകളിൽ, വമ്പൻ സാമ്പത്തികസ്ഥാപനങ്ങളുടെ പിൻബലത്തിൽ സമ്പത്തു കുന്നുകൂട്ടുന്ന നഗരത്തിൽ, ആണ്ടുവട്ടത്തിൽ ഏറിയപങ്കും മഞ്ഞുമൂടിക്കിടക്കുന്ന ഉത്തരാർദ്ധഗോളത്തിൽ, കടലോരസങ്കേതങ്ങളിൽ, മരതകദ്വീപുകളിൽ.... അങ്ങനെയങ്ങനെ.

''ഇതുവരെ താങ്കൾ കണ്ടതൊന്നും സൈലന്റ്‌വാലിയോടു കിടപിടിക്കുകയില്ല", മഹാനായ കവി അയ്യപ്പപ്പണിക്കർ, നിശ്ശബ്ദതാഴ്‌വരയ്ക്കുവേണ്ടി അദ്ദേഹം ശബ്ദമുയർത്തിയിരുന്ന നാളുകളിൽ പറഞ്ഞു. "തീർച്ചയായും അവിടെ പോകണം. ആ നിശ്ശബ്ദതയുടെ ആരവം, അതിലൊളിച്ചിരിക്കുന്ന നിഗൂഢത, ആർക്കും പ്രചോദനമാവും."

രണ്ടു പതിറ്റാണ്ടുമുമ്പായിരുന്നു അത്. അതിനകം, കേരളത്തിന്റെ സൈലന്റ്‌വാലി, പാലക്കാടൻ പശ്ചിമഘട്ടനിരകളലെ ഝില്ലീഝങ്കാരനാദമണ്ഡിതമല്ലാത്ത ആ ഘോരവിപിനം, ആഗോളതലത്തിൽ സെലിബ്രിറ്റി പദവി കൈവരിച്ചുകഴിഞ്ഞിരുന്നു. ഒ. എൻ.വി.യും അയ്യപ്പപ്പണിക്കരും സുഗതകുമാരിയും അവരുടെ ഇളംതലമുറക്കാരായ കവികളും പത്രപ്രവർത്തകരും എല്ലാം ചേർന്നു നടത്തിയ സന്ധിയില്ലാത്ത സമരത്തിനൊടുവിൽ കപടവികസനവാദികളും, ഇരിക്കുന്ന കൊമ്പുമുറിക്കാനിറങ്ങിയ മണ്ടന്മാരുടെ വൈദ്യുതമോഹങ്ങളും പത്തിമടക്കി പിന്മാറുകയും, സിംഹവാലൻകുരങ്ങുൾപ്പടെ, വംശനാശം നേരിടുന്ന അനവധി ജീവവർഗ്ഗങ്ങളുടെ ആവാസഭൂമിക്ക് ശാപമോക്ഷം കൈവരുകയും ചെയ്തിരുന്നു. ഭൂമുഖത്തെ ഏറ്റം മഹത്തായ ജൈവവൈവിദ്ധ്യത്തിന്റെ ഉറവിടവും ആവാസകേന്ദ്രവുമായ സൈലന്റ്‌വാലി, ജീവസ്സുറ്റ കാനനസമ്മോഹനതയായി എക്കാലവും നിലനിൽക്കുമെന്ന് ഉറപ്പുവന്ന കാലം.

അങ്ങനെ, കേരളത്തിലെ ഒട്ടുമുക്കാലും വിനോദസഞ്ചാരകേന്ദ്രങ്ങളിൽ, പലയിടത്തും ഒന്നിലേറെ തവണ കയറിയിറങ്ങിയിട്ടും, സൈലന്റ്‌വാലി മാത്രം ആ പട്ടികയിൽ ഇടംപിടിക്കാതെ പോയതിന്റെ കുണ്ഠിതം, ഉള്ളിൽ നിറഞ്ഞുനിന്ന നാളുകൾ. 2010 ന്റെ മദ്ധ്യത്തിൽ ഒരു സംഭാഷണമദ്ധ്യേ, സൈലന്റ്‌വാലിയിൽ കൈൽകുത്തണമെന്നും എന്നാൽ, കാടിന്റെ പരിസരത്ത് താമസിക്കാൻ ഒരിടം കണ്ടെത്തുക ബുദ്ധിമുട്ടാണെന്നും പറഞ്ഞപ്പോൾ, കെ.ജി. മോഹൻലാൽ സഹായത്തിനെത്തി.

"അതിനാണോ പാട്! മണ്ണാർക്കാട്ട് നമ്മുടെ ഒരു ടാമറിൻഡ് ഈസി ഹോട്ടലുണ്ട്. അവിടെ താമസിക്കാം. ഒന്നരമണിക്കൂർ കാറോടിച്ചാൽ സൈലന്റ്‌വാലിയുടെ കവാടത്തിലെത്താം. തീർച്ചയായും പോകണം. വേണ്ട എല്ലാ ഏർപ്പാടുകളും ഇന്നുതന്നെ ചെയ്യാം."

ആത്യന്തിക പരിസ്ഥിതി സൗഹൃദലക്ഷ്യസ്ഥാനമായ സൈലന്റ്‌വാലിയിലേക്കു വഴികാട്ടാൻ അതിനെക്കാൾ മുന്തിയ ഗൈഡിനെ എവിടെ കിട്ടാൻ! ആ വാക്കുകളിൽ വിശ്വാസമർപ്പിച്ച് ജൂൺമാസം മദ്ധ്യത്തിൽ തിരുവനന്തപുരത്തുനിന്ന് പാലക്കാട്ടേക്കു പുറപ്പെട്ടു. ഇടയ്ക്ക്, ആതിരപ്പള്ളി-വാഴച്ചാൽ വെള്ളച്ചാട്ടസമുച്ചയത്തിലും പരിസരപ്രദേശങ്ങളിലുമായി രണ്ടുനാൾ ചെലവഴിച്ചശേഷം മണ്ണാർക്കാട്-കോഴിക്കോട് ഹൈവേയിൽ പട്ടണപ്രാന്തത്തിലായി നിലകൊള്ളുന്ന കെ.ടി.ഡി.സി. ടാമറിൻഡ് ഈസി ഹോട്ടലിലെത്തിയത് ഒരു ശനിയാഴ്ച അപരാഹ്നത്തിൽ.


വമ്പൻ ബഡ്ജറ്റിനു കീശവഴങ്ങാത്തവർക്ക്, മിതമായ ചെലവിൽ, എന്നാൽ മികച്ച അടിസ്ഥാനസൗകര്യങ്ങളുടെ പിൻബലത്തിൽ, വാസസ്ഥലമൊരുക്കാൻ

കെ.ടി.ഡി.സി ആവിഷ്കരിച്ച ബ്രാൻഡാണ് ടാമറിൻഡ് ഈസി. വാളൻപുളിയുടെ പുളിപ്പും മധുരവും അനുഭവവേദ്യമാക്കുന്ന, അനായാസതയോടെ കയറിയിറങ്ങാവുന്ന ചെറുസങ്കേതങ്ങളുടെ ഒരു കേരളവ്യാപക ശൃംഖല. സൈലന്റ്‌വാലിയ്ക്കും ശിരുവാണിക്കും തിരുമാന്ധാംകുന്നു ക്ഷേത്രസമുച്ചയത്തിനുമെല്ലാം ഏതാണ്ടു മദ്ധ്യഭാഗത്തായി ഇങ്ങനെയൊരു സംവിധാനമൊരുക്കിയവരുടെ ദീർഘവീക്ഷണം അഭിനന്ദനീയം.

വാഹനനിബിഡമായ ഹൈവേയുടെ ഓരത്ത്, അല്പം ഉയർന്ന മൺതിട്ടയിലാണ് കെ.ടി.ഡി.സിയുടെ മണ്ണാർക്കാട് ടാമറിൻഡ് ഈസി കെട്ടിയുയർത്തിയിട്ടുള്ളത്. എല്ലാ അർത്ഥത്തിലും 'ചെറുതാണു സുന്ദരം' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന സ്ഥാപനം. ഏതാണ് പന്ത്രണ്ടു മുറികൾ. എല്ലാം എയർകണ്ടീഷൻഡ്. വൃത്തിയുള്ള കിടക്കവിരികളും ടോയ്‌ലറ്റും (വിദേശസഞ്ചാരികളുടെ രണ്ടു നിർബന്ധ നിബന്ധനകൾ!) മികച്ച റൂം സർവീസ്. സൗമ്യതയോടെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്ന സ്റ്റാഫംഗങ്ങൾ, തനി കേരളീയമായ ഭക്ഷണം. അത്യാവശ്യക്കാർക്കുവേണ്ടി ഒരു ബിയർപാർലറും അനുബന്ധമായുണ്ട്. വിശാലമായ കാർപാർക്കിങ്ങ് സൗകര്യം.

**ഫോറസ്റ്റ് റേഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർ ഞങ്ങളെ സൗഹൃദത്തോടെ സ്വീകരിച്ചു. വനമദ്ധ്യത്തിലെ മനോഹരപാതയിൽ ബഹുദൂരം പിന്നിട്ട്, തമിഴ്നാട് അതിർത്തിയോളം പോയി. അതിർത്തിയിലെ ചെക്പോസ്റ്റിൽ, രാപകൽ ഡ്യൂട്ടിയുമായി ശിഷ്ടലോകത്തുനിന്ന് ഒറ്റപ്പെട്ടു കഴിയുന്ന ചെറുപ്പക്കാരിൽനിന്നു വനത്തിന്റെ കഥകൾ കേട്ടു. തൊട്ടടുത്തുള്ള കുന്നിൻമുകളിൽനിന്നു വടക്കോട്ടു നോക്കുമ്പോൾ അങ്ങുദൂരെ കോയമ്പത്തൂരിന്റെ പുകക്കുഴലുകൾ.**







ഹോട്ടൽ കോമ്പൗണ്ടിൽ, കോൺക്രീറ്റു മന്ദിരത്തിനു തണലേകിക്കൊണ്ട് നാലഞ്ചു വന്മരങ്ങൾ. അവയുടെ കുടുംബവും ജാതിയും ആർക്കും പിടിയില്ല. ഓരോ തകരക്കഷണത്തിൽ അതൊന്നു കോറി മരത്തിൽ തൂക്കിയിട്ടാൽ ഇക്കോ ടൂറിസ്റ്റുകൾക്കു പ്രയോജനപ്പെടുമായിരുന്നു.

"അതിരാവിലെ കാട്ടിലേക്കു പുറപ്പെടണം; അങ്ങനെയായാൽ വെയിലുറയ്ക്കും മുമ്പേ നമുക്കു കാട്ടിലെ കറക്കം തീർത്തു മടങ്ങാം", രാത്രി അത്താഴം കഴിച്ചുകൊണ്ടിരിക്കെ, ടാമറിൻഡ് ഈസി സ്റ്റാഫിലെ പ്രതീഷ് പറഞ്ഞു. "നിങ്ങൾക്കൊപ്പം വരാൻ എനിക്കാണു നിയോഗം. എന്റെ അഭിപ്രായത്തിൽ, സൈലന്റ്‌വാലിയെക്കാൾ ഏറെ സഞ്ചാരാനുഭവം തരുന്നത് ശിരുവാണി ഇക്കോ ടൂറിസം സങ്കേതമാണ്. ഏതായാലും കാലത്തു തീരുമാനിച്ചു പറഞ്ഞാൽ മതി."

ഡൽഹിയിലെ വി.വി.ഐ.പി.കളുടെ ദുര്യോഗമാണ് സൈലന്റ്‌വാലിക്കുമെന്ന് ഒരു വിദ്വാൻ പറഞ്ഞത് ഓർമ്മവന്നു. വേണ്ടതിലേറെ സുരക്ഷാസർക്കസ്സുകൾ. നാലുചുറ്റും കലാഷ്നിക്കോവേന്തിയ കരിമ്പൂച്ചകൾ. നാട്ടുകാരുടെ വഴിമുടക്കുന്ന നിയന്ത്രണങ്ങൾ. ലോകപ്രശസ്തി നേടിയതോടെ, സൈലന്റ്‌വാലിയിൽ ആരാധനാഭാവത്തോടെ കടന്നുചെല്ലുന്ന നിഷ്കളങ്കസഞ്ചാരികൾക്കു മുന്നിലും എന്തെല്ലാം വഴിമുടക്കിനിയമങ്ങൾ.

കിഴക്കു വെള്ളകീറിയതും ഞങ്ങൾ ടാമറിൻഡ് ഈസിയിൽനിന്ന് സൈലന്റ്‌വാലി–ശിരുവാണി മേഖലയിലേക്കു പുറപ്പെട്ടു. പതിവിൻപടി, സൈലന്റ്‌വാലിയുടെ കവാടത്തിൽ വനംവകുപ്പിന്റെ കരിമ്പൂച്ചകൾ അമ്പുംവില്ലുമായി നിൽക്കുന്നു. സ്വപ്നഭൂമിയായി ഉള്ളിൽ താലോലിച്ചു നടന്ന നിശ്ശബ്ദതാഴ്‌വരയിൽ ഒന്നു കാൽകുത്തിയെന്നു വരുത്തി ഞങ്ങൾ ശിരുവാണി ഇക്കോ മേഖലയിലേക്കു കാറോടിച്ചു.

ഫോറസ്റ്റ് റേഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർ ഞങ്ങളെ സൗഹൃദത്തോടെ സ്വീകരിച്ചു. വനമദ്ധ്യത്തിലെ മനോഹരപാതയിൽ ബഹുദൂരം പിന്നിട്ട്, തമിഴ്നാട് അതിർത്തിയോളം പോയിവരാൻ വനംവകുപ്പുവക പ്രത്യേക സവാരിവണ്ടി വിട്ടുതന്നു. അതിർത്തിയിലെ ചെക്പോസ്റ്റിൽ, രാപകൽ ഡ്യൂട്ടിയുമായി ശിഷ്ടലോകത്തുനിന്ന് ഒറ്റപ്പെട്ടു കഴിയുന്ന ചെറുപ്പക്കാരിൽനിന്നു വനത്തിന്റെ കഥകൾ കേട്ടു. തൊട്ടടുത്തുള്ള കുന്നിൻമുകളിൽനിന്നു വടക്കോട്ടു നോക്കുമ്പോൾ അങ്ങുദൂരെ കോയമ്പത്തൂരിന്റെ പുകക്കുഴലുകൾ. ഈ ലോകം എത്രയോ ചെറുതെന്ന് ബോദ്ധ്യപ്പെടുത്തിത്തന്ന മറ്റൊരു സഞ്ചാരാനുഭവം.

ശിരുവാണി അണക്കെട്ടിന്റെ വിവിധ ടണലുകൾ ചുറ്റിക്കറങ്ങി ഉച്ചയോടെ ഞങ്ങൾ കെ.ടി.ഡി.സി.യുടെ ഹോട്ടലിൽ മടങ്ങിയെത്തി. ഉച്ചഭക്ഷണാനന്തരം തിരുമാന്ധാംകുന്നു ക്ഷേത്രത്തിലേക്ക്. ചരിത്രമുറങ്ങുന്ന പവിത്രഭൂമിയിൽ, എം.ടി.യുടെ നോവലുകളിൽ വായിച്ചറിവുമാത്രമുള്ള വടക്കൻകേരള ക്ഷേത്രസംസ്കാരത്തിന്റെ പ്രതീകങ്ങൾ ചുറ്റും. അനുവാദം വാങ്ങി ക്ഷേത്രവളപ്പിൽ കടന്ന് ചിത്രങ്ങളെടുത്തും പുരാതനലിഖിതങ്ങളും ശില്പഭംഗിയും നോക്കിപ്പഠിച്ചും സന്ധ്യയോടെ അവിടെനിന്നു മടങ്ങി.

പിറ്റേന്നു കാലത്ത് കെ.ടി.ഡി.സി.യുടെ തന്നെ മറ്റൊരു മനോഹരസമുച്ചയത്തിലേക്കു യാത്ര. മണ്ണാർക്കാട്–കോഴിക്കോടു ഹൈവേയിലൂടെ പെരിന്തൽമണ്ണ വഴി നിലമ്പൂർ കടന്ന്, നടുകാണി ചുരം പിന്നിട്ട്, തമിഴ്നാട്ടിലെ ഗുഡലൂരിൽ കുടിയേറിയ ബന്ധുവീടുകളിൽ ഒരു ഓട്ടപ്രദക്ഷിണ സന്ദർശനം നടത്തി, ഗുഡലൂർ–സുൽത്താൻബത്തേരി റോഡിലൂടെ വീണ്ടും കേരളത്തിൽ കടന്ന്, ടിപ്പുസുൽത്താന്റെ പടയാളികൾക്കു താവളമൊരുക്കിയതിലൂടെ സ്വന്തമായൊരു സ്ഥലനാമവും ചരിത്രത്തിൽ ഇടവും നേടിയ പട്ടണത്തിലെത്തി.

സമീപകാലത്തു മാത്രം ഉദ്ഘാടനം ചെയ്യപ്പെട്ട കെ.ടി.ഡി.സി. പെപ്പർഗ്രൂവ് എന്ന റിസോർട്ട്, ബത്തേരി-കോഴിക്കോടു റോഡിൽനിന്ന് തെല്ലകലെ മണിച്ചിറ തടാകതീരത്താണ് ഒരുക്കിയിട്ടുള്ളത്. ഇനിയും പുതുമ മായാത്ത ചുവന്ന മേച്ചിലോടുകളുടെ തിളക്കം ദൂരെനിന്നുതന്നെ കാണാം. ഉള്ളിലേക്കു ചെന്നാലോ? വിശാലമായ പുൽപ്പരപ്പിനു നടുവിൽ ശില്പചാതുരിയോടെ തീർത്ത റിസോർട്ടുമന്ദിരം.

ചുറുചുറുക്കും കാര്യപിടിപ്പുമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു പെപ്പർഗ്രൂവിന്റെ മാനേജർ, ശ്രീജിത്ത് വി. കൃഷ്ണൻ. പെപ്പർഗ്രൂവിനൊപ്പം, തിരുനെല്ലിയിലെ ടാമറിൻഡ് ഈസി ഹോട്ടലിന്റെ അധികചുമതലയും. ബത്തേരി-തിരുനെല്ലി റൂട്ടിൽ ഷട്ടിൽസർവ്വീസു നടത്തി രണ്ടു സ്ഥാപനങ്ങളെ ഒപ്പം നയിക്കുന്ന ആ അർപ്പണബോധം ശ്ലാഘനീയമായി തോന്നി.

പെപ്പർഗ്രൂവിലെ മുറികൾ മികച്ച ലക്ഷ

(ശേഷം 9-ാം പേജിൽ)

മാത്യു ജോർജ്ജ്

## കൊല്ലം-ആലപ്പുഴ ബാക്ക്‌വാട്ടർ ടൂർ

# കായലോളങ്ങളിൽ ചാഞ്ചാടി ഒരു സ്വപ്നയാത്ര



**കടലിനും ഗിരിനിരകൾക്കുമിടയിൽ, 75 കി. മീറ്ററിലേറെ നീണ്ടു പരന്നുകിടക്കുന്ന, ഹരിതഭംഗിയാർന്ന നെൽവയലുകളുടെ നാടാണ് കുട്ടനാട്. ഹോളണ്ടിലെ വിഖ്യാതമായ ഡൈക്കുകളെ ഓർമ്മിപ്പിക്കുന്ന സുന്ദരഭൂമി. പ്രാദേശികമായി ആവിഷ്ക്കരിച്ചു പരീക്ഷിച്ചു വിജയംകണ്ട എൻജിനീയറിങ്ങിന്റെയും കൃഷിശാസ്ത്രത്തിന്റെയും മകുടോദാഹരണമായ കുട്ടനാടൻ പുഞ്ചപ്പാടങ്ങളിൽ സമുദ്രനിരപ്പിൽനിന്ന് 4 മുതൽ 10 അടി വരെ താഴെയാണ് കൃഷി നടത്തുന്നത്.**

കൊല്ലത്തുനിന്ന് ആലപ്പുഴയിലേക്ക് കായലിന്റെ പ്രശാന്തപ്രതലത്തിലൂടെയുള്ള യാത്ര, വിസ്മയാവഹമായൊരു അനുഭവമാണ്. റോഡുയാത്രയുടെയോ വ്യോമയാനത്തിന്റെയോ തീവണ്ടിയാത്രയുടെയോ മനഃസംഘർഷങ്ങളില്ലാതെ, ഭൂമുഖത്തെ ഏറ്റം മനോഹരമായ ഭൂവിഭാഗങ്ങളിലൊന്നിലൂടെ, അലസഗമനമെന്നു വിശേഷിപ്പിക്കാവുന്ന ശൈലിയിൽ തെന്നിനീങ്ങുന്ന നൂതനാനുഭവം.

അനന്തവിശാലമെന്നു തോന്നിപ്പിക്കുന്ന ജലപ്പരപ്പിൽ അങ്ങിങ്ങായി കാണുന്ന തുരുത്തുകൾ, അവയിൽ ഇടതൂർന്നുവളരുന്ന കേരവൃക്ഷങ്ങൾ, തീരത്തിനിരുപുറവും മരതകകാന്തി പ്രസരിപ്പിക്കുന്ന നെൽപ്പാടങ്ങൾ, മീൻപിടുത്തക്കാരുടെ ചീനവലകൾ, അവയ്ക്കരികെ ക്ഷമയോടെ കാത്തിരിക്കുന്ന നീർപ്പക്ഷികൾ, തെങ്ങിൻതലപ്പിൽനിന്നു ലഹരിയൂറ്റാൻ കയറിയിറങ്ങുന്ന കള്ളുചെത്തുകാർ.... ഒക്കെയും കൊല്ലം-ആലപ്പുഴ കായൽയാന







ത്തിലെ കാഴ്ചകളാണ്. തോടുകളും നദികളും ജലനിർഗ്ഗമന കായലുകളും എല്ലാം തഞ്ചത്തിൽ കൂട്ടിയിണക്കിയ പ്രകൃതി കരവിരുതിന്റെ മായാജാലം കാട്ടി, കായലുകൾ സൃഷ്ടിച്ച് നമ്മെ ഭ്രമിപ്പിക്കുന്നു.

ആ ഭ്രമത്തിനു സസന്തോഷം കാഴടങ്ങിയാണ്, ഞങ്ങൾ ഒരു വാരാന്ത്യപ്രഭാതത്തിൽ, 10 മണിക്കു കൊല്ലത്തുനിന്നും ആലപ്പുഴയ്ക്കു പുറപ്പെട്ട, സംസ്ഥാന വിനോദസഞ്ചാരവികസന കോർപ്പറേഷന്റെ ബോട്ടിനു മേൽത്തട്ടിൽ സ്ഥലം പിടിച്ചത്. മേൽത്തട്ടിന്റെ ഒരറ്റത്ത്, തെല്ലു സൂര്യസ്നാനത്തിനു സൗകര്യമുള്ള ഒരു കോണിൽ, മനസ്സിനെ കായലോളങ്ങളിൽനിന്നു നിർബാധം ചാഞ്ചാടാൻവിട്ട്, ഞാനൊരു കസേരയിൽ ചാഞ്ഞിരുന്നു.

കേരളത്തിന്റെ കായൽമേഖല, രാപകൽ നിരവധിയായ പ്രവർത്തനങ്ങളിൽ അഭിരമിച്ചു കഴിയുന്ന ഒരു പ്രത്യേക ലോകമാണ്. ചുറ്റുമുള്ള കരയിലെങ്ങും കേരളീയ ഗ്രാമീണജീവിതത്തിന്റെ ഒട്ടനവധി നേർചിത്രങ്ങൾ. ഒരു തീരത്തുനിന്നു ദൂരസ്ഥമായ മറ്റൊരു തീരത്തേക്ക് ഉൽപന്നങ്ങൾ കുത്തിനിറച്ച കെട്ടുവള്ളങ്ങളൂന്നി നീങ്ങുന്ന അധ്വാനശാലികൾ. കായലോളങ്ങളിൽ നീന്തിത്തുടിക്കുന്ന കുട്ടികൾ. ഓരത്ത്, കല്ലുകളിൽ തുണി അടിച്ചലക്കുന്ന വീട്ടമ്മാർ. ചെറിയ മരത്തോണികളിൽ അന്നന്നയപ്പം തേടിയലയുന്ന മീൻപിടിത്തക്കാർ. ഇവിടെ, ഈ തുരുത്തുകൾക്കിടയിൽ ജീവിതം ചുറ്റിത്തിരിയുന്നത് ജലം എന്ന അമൂല്യമായ അച്ചുതണ്ടിൽ. പിച്ചവയ്ക്കാൻ പഠിക്കുംമുമ്പ് നീന്തൽവിദ്യ പഠിക്കുന്ന കുഞ്ഞുങ്ങളുടെ ലോകം. സൈക്കിൾ ചവിട്ടാൻ പരിശീലിക്കും മുന്നേ, വള്ളം തുഴഞ്ഞു കുത്തേറാൻ പഠിക്കുന്ന കൗമാരക്കാരുടെ ലോകം.

അഷ്ടമുടിക്കായലിന്റെയും കായംകുളംകായലിന്റെയും വിശലത പിന്നട്ടതോടെ, ഞങ്ങളുടെ യാനപാത്രം, ഇടുങ്ങിയ കൈത്തോടുകൾ പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്ന കുട്ടനാടൻ ഗ്രാമങ്ങളിലൂടെ നീങ്ങിത്തുടങ്ങി. തോടുകൾക്കിരുവശവും കൊച്ചുകൊച്ചു വീടുകൾ. വള്ളിക്കാവിൽ, മാതാ അമൃതാനന്ദമയിയുടെ ആശ്രമത്തിൽ സന്ദർശനത്തിനും പ്രാർത്ഥനയ്ക്കും വന്ന ഏതാനും വിദേശീയർ ബോട്ടിലുണ്ടായിരുന്നു. വള്ളിക്കാവു ജട്ടിയിൽ അടുത്ത് അവരെ ബാക്കിയാക്കിയശേഷം തൃക്കുന്നപ്പുഴയിലേക്ക്. അവിടെ ചേപ്പാടുള്ള എൻ.ടി.പി.സി. തെർമൽ പവ്വർസ്റ്റേഷനടുത്തായി ഒരിടത്താണ് ഉച്ചഭക്ഷണം ഒരുക്കിയിരുന്നത്. തൂശനിലയിൽ വിളമ്പിയ കേരളസദ്യയിൽ സ്വാദിഷ്ടമായ വിവിധയിനം മത്സ്യവിഭവങ്ങളും ഉണ്ടായിരുന്നു.


വൈകുന്നേരം നാലുമണിയോടെ, നെഹ്രുട്രോഫി വള്ളംകളിയിലൂടെ വിശ്വപ്രശസ്തിയാർജ്ജിച്ച ആലപ്പുഴ പുന്നമടക്കായലിൽ ഞങ്ങളെത്തി. ആലപ്പുഴ അഥവാ ആലപ്പി, ഇന്നുമെന്നും ലോകടൂറിസ ഭൂപടത്തിൽ കായലധിഷ്ഠിത വിനോദസഞ്ചാരത്തിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നു. കിഴക്കിന്റെ വെനീസ് എന്ന് യൂറോപ്യൻയാത്രികർതന്നെ പേരിട്ടുവിളിച്ച ഈ മനോഹരനഗരത്തിലേക്ക് ഒരുകാലത്ത് സപ്തസാഗരങ്ങളും

താണ്ടി, കറുത്തസ്വർണ്ണവും സുവർണ്ണചകിരിനാരിൽ നെയ്ത വിസ്മയങ്ങളും തേടി കച്ചവടസംഘങ്ങൾ എത്തിയിരുന്നു.

ഒരു രാത്രിയെങ്കിലും തങ്ങാതെ ആലപ്പുഴ വിട്ടുപോകുന്നത്, മധുവിധു ആഘോഷിക്കാത്ത കല്യാണംപോലെ അപൂർണ്ണമാവും







എന്ന തിരിച്ചറിവിൽ, അന്നു രാത്രിയിൽ ഞങ്ങൾ അവിടെ തങ്ങി. ഒരു കാലത്ത്, ബോംബെ കഴിഞ്ഞാൽ, ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻതീരത്തെ ഏറ്റം തിരക്കുള്ള കടലോരനഗരമായിരുന്നു. കേരളത്തിന്റെ കിഴക്കൻപ്രദേശങ്ങളിൽനിന്നു തേയിലയും സുഗന്ധദ്രവ്യങ്ങളും വനവിഭവങ്ങളും ആലപ്പുഴയിലെ തോടുകളും കായലുകളും താണ്ടിയാണ് തുറമുഖത്തും, കടൽവഴി ദൂരസ്ഥരാജ്യങ്ങളിലും എത്തിയിരുന്നത്. ആഗോളവാണിജ്യത്തിന് ഈ മേഖലുടെ സംഭാവന ഉറപ്പാക്കാൻ ആലപ്പുഴയിലെ 1000 അടി നീളമുള്ള കടൽപ്പാലവും മാനംമുട്ടെ ഉയർന്ന വിളക്കുമരവും തനതുസംഭാവനകൾ നൽകി. ക്യാപ്റ്റൻ ഹൂകോ ഫോർഡ്, 1862 ൽ പണികഴിപ്പിച്ച കടൽപ്പാലത്തിന്റെ അസ്ഥിപഞ്ചരം മാത്രം ശേഷിക്കുന്നു. ബാക്കിയെല്ലാം കേരളതീരത്ത് ദുരന്തംവിതച്ച സുനാമിയിൽ കടലിന്റെ അഗാധതകളിലേക്ക് ഒലിച്ചുപോയി.

കാലത്ത്, പ്രാതലിനുശേഷം ഞങ്ങൾ ബോട്ടുയാത്ര പുനരാരംഭിച്ചു. വേമ്പനാട്ടുകായലിന്റെ വിശാലമായ ജലപ്പരപ്പിലൂടെ, സ്വച്ഛശാന്തമായ അന്തരീക്ഷത്തിന്റെ തലോടലേറ്റ്, വടക്കൻ കുട്ടനാടിന്റെ ടൂറിസംമേഖലകളിലൂടെ ഞങ്ങൾ ഒഴുകിനീങ്ങി. കേരളത്തിന്റെ നെല്ലറയാണ് വടക്കൻകുട്ടനാട്. സമുദ്രനിരപ്പിനു താഴെ പാടങ്ങളൊരുക്കി കൃഷിചെയ്യുന്ന ഭൂമുഖത്തെ ചുരുക്കം സ്ഥലങ്ങളിലൊന്നാണ്. കടലിനും ഗിരിനിരകൾക്കുമിടയിൽ, 75 കി. മീറ്ററിലേറെ നീണ്ടു പരന്നുകിടക്കുന്ന, ഹരിതഭംഗിയാർന്ന നെൽവയലുകളുടെ നാടാണ് കുട്ടനാട്. ഹോളണ്ടിലെ വിഖ്യാതമായ ഡൈക്കുകളെ ഓർമ്മിപ്പിക്കുന്ന സുന്ദരഭൂമി. പ്രാദേശികമായി ആവിഷ്ക്കരിച്ചു പരീക്ഷിച്ചു വിജയംകണ്ട എൻജിനീയറിങ്ങിന്റെയും കൃഷിശാസ്ത്രത്തിന്റെയും മകുടോദാഹരണമായ കുട്ടനാടൻ പുഞ്ചപ്പാടങ്ങളിൽ സമുദ്രനിരപ്പിൽനിന്ന് 4 മുതൽ 10 അടിവരെ താഴെയാണ് കൃഷി നടത്തുന്നത്. കായലിൽനിന്നു ശേഖരിച്ച ചെളിക്കട്ടകൾ നിരത്തി ചുറ്റും വരമ്പുകൾ പണിത് അതിനുള്ളിലെ ആയിരക്കണക്കിന് ഏക്കറുകളിലാണ് കൃഷി. കായലുകൾ മാത്രമല്ല കുട്ടനാടിനു മനോഹാര്യത ചാർത്തുന്നത്. കായലിൽ അങ്ങിങ്ങായി ഉയർന്നു നിൽക്കുന്ന ചെറുതുരുത്തുകളും അവയിലെ പച്ചപ്പും തങ്ങുകളുടെ സമൃദ്ധിയും കർഷക കുടുംബങ്ങളുടെ സംതൃപ്തിയും അതിനു ഹേതുവാണ്. ഈ തുരുത്തുകളൊക്കെയും മനുഷ്യന്റെ അധ്വാനത്തിന്റെ ഫലമയാ ി കായലിൽനിന്നു പൊന്തിവന്നവയാണെന്ന വസ്തുതയും അതോടു ചേർത്തുവായിക്കുക. തുരുത്തുകളിലൊക്കെയും നെൽകൃഷിയുണ്ട്. ചുറ്റുമുള്ള കൂറ്റൻ വരമ്പുകൾ അവയ്ക്കു രക്ഷാകവചമൊരുക്കുന്നു. ദേശാടനപ്പക്ഷികളുടെ ഇഷ്ട ലക്ഷ്യസ്ഥാനമാണിവിടം. നാലു വശത്തും വെള്ളത്താൽ ചുറ്റപ്പെട്ട കൊച്ചു പറുദീസകൾ.

കൊല്ലം-ആലപ്പുഴ കായൽയാനത്തിന്റെ ആകർഷണീയത എഴുതിഫലിപ്പിക്കുക ബുദ്ധിമുട്ടാണ്. അനുഭവിച്ചുതന്നെ അറിയേണ്ട ഒരു അപൂർവാനുഭവമാണത്.

*(സഞ്ചാരിയും ഫോട്ടോഗ്രാഫറുമായ ലേഖകൻ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗമാണ്)*

*(7-ാം പേജിൽ നിന്നും തുടർച്ച)*

റിയുടെ കേന്ദ്രങ്ങൾ. ഭക്ഷണവും ഒന്നാന്തരം. ചുറ്റിനടക്കാൻ തുറസ്സായ ധാരാളം സ്ഥലം. മണിച്ചിറയിലെ കുളിസീനുകൾ ആകർഷകം. എല്ലാ സംഘർഷങ്ങളും മറന്ന്, അലസതയിൽ, വല്ലതും വായിച്ചും കാഴ്ചകണ്ടും ചെലവഴിക്കാൻ പറ്റിയ ഇടം, ഈ കെ.ടി.ഡി.സി. പെപ്പർഗ്രൂവ്.





അന്ന് അപരാഹ്നത്തിൽ ഞങ്ങൾ മുത്തങ്ങ സംരക്ഷിതവനത്തിൽ ജീപ്പുയാത്ര നടത്തി. വനജീവികൾ കാര്യമായി ദർശനം തന്നില്ല. ഒന്നുരണ്ടാനകൾ, കുറെ മാനുകൾ, ഏതാനും കാട്ടുപന്നികൾ.... അത്ര തന്നെ.

പിറ്റേന്നത്തെ പകൽ മുഴുവൻ, സൈലന്റ് വാലിക്കൊപ്പം സ്വപ്നങ്ങളിൽ കൊണ്ടുനടന്ന ഇടയ്ക്കൽ ഗുഹകളിലും സമീപസ്ഥ മുനിയറകളിലും, അമ്പലവയലിൽ, ആദിവാസി സംസ്കാരത്തിനു സ്ഥിരപ്രതിഷ്ഠയൊരുക്കുന്ന മ്യൂസിയത്തിലുമായി ചെലവഴിച്ചു. അതിനടുത്ത നാൾ, ജിവിതത്തിന്റെ ബഹളമയമായ അനുദിനചര്യകളിലേക്കു മടക്കം. ബത്തേരി-കോഴിക്കോടു ഹൈവേയിലൂടെ മലനിരകൾക്ക് അരഞ്ഞാണമണിയിക്കുന്ന കാനനപാതകളിലൂടെ, താഴേക്ക്, താഴേക്ക്..... കോഴിക്കോട്ടേക്ക്, തൃശൂർ, കൊച്ചി, ആലപ്പുഴ വഴി തിരുവനന്തപുരത്തേക്ക്.

ജീവിതത്തിൽ നടക്കുമെന്നു തീർച്ചയില്ലാതിരുന്ന അങ്ങനെ കുറെ സഞ്ചാരസ്വപ്നങ്ങൾക്ക് പ്രചോദനമായത് കെ.ടി.ഡി.സിയുടെ ടാമറിൻഡ് ഈസി ഹോട്ടൽ ശൃംഖലയും പെപ്പർഗ്രൂവും. കേരളം കാണാത്ത കേരളീയർക്ക്, നാട്ടിലും മറുനാട്ടിലും വിദേശത്തുമുള്ള മലയാളികൾക്ക്, സ്വന്തം നാടിന്റെ ആകർഷണീയതകൾ കൺനിറയെ കാണാൻ കെ.ടി.ഡി.സി. വ്യത്യസ്തപാക്കേജുകൾ ഒരുക്കിയിട്ടുണ്ട്. ഡിസ്കവർ കേരള, പ്രവാസി ബഡ്ജറ്റ് ഹോളിഡേ പാക്കേജിലുൾപ്പെടുന്ന ഉത്തരായനം, ദക്ഷിണായനം, സുന്ദരകേരളം എന്നിവ, കേരള പ്രീമിയം ഹോളിഡേ പാക്കേജ്.... പിന്നെയും പലതും.

ജന്മനാടിനെ അടുത്തറിയാൻ, നാടിനെക്കുറിച്ചു കേട്ടറിവുമാത്രമുള്ള മക്കൾക്കും കൊച്ചുമക്കൾ ഈ മനോഹരധാത്രിയെ പരിചയപ്പെടുത്തിക്കൊൻ എന്തിന് അമാന്തിക്കണം. www.ktdc.com അതിലേക്കുള്ള സുവർണ്ണകവാടമാണ്. Log on now....!

*(കേരളത്തിന്റെ വിനോദസഞ്ചാര പ്രചാരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന **ഡസ്റ്റിനേഷൻ കേരള** ഇംഗ്ലീഷ് മാസികയുടെ എഡിറ്ററാണ് ലേഖകൻ)*

ടി.കെ. മൻസൂർ

# പുതിയ പാത; പുതിയ പരീക്ഷണം

## ടൂറിസത്തിന് പുത്തനുണർവ്വുനൽകാൻ കേരളത്തിന്റെ സപര്യ

- ടൂറിസം വികസനരംഗത്ത് ആഗോളതലത്തിൽ തന്നെ നൂതന മാതൃക
- ആസൂത്രിത ടൂറിസം വികസനം ലക്ഷ്യം
- പ്രാദേശിക, ജനകീയ ടൂറിസം വികസനത്തിന് ഊന്നൽ
- കൃഷി, പരമ്പരാഗത വ്യവസായം, മത്സ്യബന്ധനം, ജീവിതരീതി, പൈതൃകം തുടങ്ങിയവയെ ടൂറിസവുമായി ബന്ധപ്പെടുത്തുന്നു
- പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പൈലറ്റ് പദ്ധതി

കായലും കടലോരങ്ങളും മലനിരകളു മുൾക്കൊള്ളുന്ന കേരളത്തിന്റെ പ്രകൃതിഭംഗിക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് ടൂറിസംരംഗത്ത് കേരളത്തെ അവതരിപ്പിച്ചുവരുന്നത്. എന്നാൽ കേരളത്തിന്റെ സംസ്കാരവും പൈതൃകവും ജീവിതരീതികളും പരമ്പരാഗത വ്യവസായങ്ങളും കാർഷികമേഖലയും എല്ലാം ടൂറിസ്റ്റുകളെ ആകർഷിക്കാൻ പര്യാപ്തമാണ്. ഇങ്ങനെ ഓരോ പ്രദേശത്തെയും ജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പ്രാദേശിക, ജനകീയ ടൂറിസംവികസനം എന്ന ആശയമാണ് സപര്യ മുന്നോട്ടുവയ്ക്കുന്നത്. ഒരു പ്രദേശത്തിന്റെ ടൂറിസംവികസനം നടപ്പിലാക്കുമ്പോൾ ശാസ്ത്രീയമായ ആസൂത്രണം ഉറപ്പുവരുത്താനും സപര്യ ലക്ഷ്യമിടുന്നു.

മാത്രമല്ല, കേരളത്തിലുണ്ടായ ടൂറിസംവികസനത്തിന്റെ നേട്ടം പ്രദേശവാസികൾക്കു കാര്യമായി ലഭിച്ചിട്ടുമില്ല. തദ്ദേശവാസികളിൽ ടൂറിസത്തോട് അനുകൂല മനോഭാവം രൂപപ്പെടാത്തതിനു പ്രധാന കാരണവും ഇതാണ്. ഗോവ പോലെ പരമ്പരാഗതമായ ടൂറിസംകേന്ദ്രങ്ങളിൽ ടൂറിസംവികസനം ഒട്ടേറെ പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. സാംസ്കാരികപ്രശ്നങ്ങൾ മുതൽ പാരിസ്ഥിതികപ്രശ്നങ്ങൾവരെ ആശങ്കയുയർത്തുന്ന സ്ഥിതിയാണിപ്പോൾ അവിടങ്ങളിലുള്ളത്. ടൂറിസംവികസനത്തിൽ ശ്രദ്ധിക്കുമ്പോൾ ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ പരിഗണിക്കാതെ കേരളത്തിനും മുന്നോട്ടുപോകാനാകില്ല. പരിസ്ഥിതിനാശവും മാലിന്യപ്രശ്നങ്ങളും തടഞ്ഞില്ലെങ്കിൽ ടൂറിസം കേന്ദ്രമെന്ന നിലയിലുള്ള കേരളത്തിന്റെ ആകർഷണീയതയാണ് നഷ്ടപ്പെടുന്നത്.

ടൂറിസംവികസനത്തിൽ പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു എന്നതാണ് സപര്യയുടെ പ്രത്യേകത. ഇതുവഴി ടൂറിസം വികസനത്തിന്റെ നേട്ടം പ്രദേശവാസികൾക്കു ലഭ്യമാകും. ടൂറിസത്തെക്കുറിച്ചുള്ള സാധാരണക്കാരുടെ കാഴ്ചപ്പാടു മാറ്റുന്നതിനും അനിയന്ത്രിതവും അശാസ്ത്രീയവുമായ ടൂറിസംവികസനത്തിലൂടെ യുണ്ടാകുന്ന സാമൂഹികവും പാരിസ്ഥിതികവുമായ ദോഷഫലങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കും. ഇതു കൂടാതെ അതതു പ്രദേശങ്ങളിലെ കൃഷി, മത്സ്യബന്ധനം, പരമ്പരാഗതവ്യവസായം തുടങ്ങിയ മേഖലകളെയും ടൂറിസവുമായി ബന്ധപ്പെടുത്തി അധിക വരുമാനം കൈവരിക്കുന്നതിനുള്ള സാധ്യതകളും സപര്യ തുറന്നു കാട്ടുകയാണ്. ഉദാഹരണത്തിന് ഫാം ടൂറിസത്തിനു പ്രോത്സാഹനം നൽകുന്നതിലൂടെ തദ്ദേശവാസികൾക്ക് കൃഷിയിൽനിന്ന് അധികവരുമാനം ലഭ്യമാകുന്ന സാഹചര്യമുണ്ടാകും. കരകൗശലമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്കു പുതിയൊരു വിപണി കണ്ടെത്താനും വരുമാനത്തിൽ വലിയ വ്യത്യാസം വരുത്താനും സാധിക്കുന്നു.


സപര്യ പദ്ധതിയിലേക്ക് കണ്ടെത്തുന്ന പ്രദേശത്തിന്റെ ടൂറിസം വികസനസാധ്യത സംബന്ധിച്ച പഠനത്തോടെയാണ് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുക. ടൂറിസം വികസനത്തിനുള്ള പ്രശ്നങ്ങളും തടസ്സങ്ങളും സമഗ്രമായ പഠനത്തിലൂടെ കണ്ടെത്തും. വിശദമായ ടൂറിസം മാപ്പിംഗ് ആണ് അടുത്ത ഘട്ടം. ടൂറിസം ആകർഷണങ്ങളായ പ്രകൃതി, സാംസ്കാരിക,മത,പ്രാദേശിക ജീവിതരീതി, പാരമ്പര്യകലകൾ, ചരിത്രസംഭവങ്ങൾ, സ്മാരകങ്ങൾ, സാമൂഹികസംരംഭങ്ങൾ, ആരോഗ്യസംരംഭങ്ങൾ, കായിക,സാഹസിക വിനോദങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയെല്ലാം വിശദമായി രേഖപ്പെടുത്തും.

നിലവിൽ ഈ പ്രദേശത്തുള്ള ടൂറിസം പദ്ധതികളുമായി പുതിയ ടൂറിസം പദ്ധതികളെ ബന്ധിപ്പിക്കാനുള്ള സാധ്യതകളും പരിശോധിക്കും. നിർദ്ദിഷ്ട ടൂറിസംപാക്കേജുകളോ സർക്യൂട്ടുകളോ വികസിപ്പിക്കുന്നതിനാവശ്യമാ അടിസ്ഥാന സൗകര്യങ്ങളും ഇതോടൊപ്പം വികസിപ്പിക്കും. ഇൻഫർമേഷൻ സെന്ററുകൾ, സൈനേജുകൾ, മാലിന്യ നിർമാർജനം, ഊർജസംരക്ഷണ മാർഗ്ഗങ്ങൾ തുടങ്ങി ഒരു ടൂറിസം കേന്ദ്രത്തിന്റെ ശാസ്ത്രീയമായ നടത്തിപ്പിനാവശ്യമായ അടിസ്ഥാന്സൗകര്യങ്ങൾ ഉറപ്പാക്കുകയാണ് ഉദ്ദേശിക്കുന്നത്. നടപ്പാക്കേണ്ട പ്രോജക്ടുകൾ മുൻഗണനാക്രമത്തിൽ നിശ്ചയിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ടൂറിസംവകുപ്പ്, കേന്ദ്ര-സംസ്ഥാന പദ്ധതികൾ, പൊതു-സ്വകാര്യ സംയുക്ത സംരംഭങ്ങൾ, അന്താരാഷ്ട്ര ഫണ്ടിംഗ് ഏജൻസികൾ തുടങ്ങി വിവിധ ഫണ്ടിംഗ് ഏജൻസികളുടെ പരിഗണനയ്ക്കു സമർപ്പിക്കാൻ തയ്യാറാക്കും.

ഇങ്ങനെ അടിസ്ഥാന വിവരങ്ങളെല്ലാം ശേഖരിച്ചശേഷം സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി ഓരോ പദ്ധതികളായി നടപ്പിലാക്കാനാണ് സപര്യയിലൂടെ ഉദ്ദേശിക്കുന്നത്.

പത്തനംതിട്ടയിൽ പതിനൊന്നു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പത്തനംതിട്ട മുനിസിപ്പാലിറ്റി, കോന്നി, മലയാലപ്പുഴ, മൈലപ്ര, എളന്തൂർ, നാരങ്ങാനം, മല്ലപ്പുഴശ്ശേരി, കോഴഞ്ചേരി, തോട്ടപ്പുഴശ്ശേരി, കോയിപ്രം, ആറന്മുള എന്നീ പ്രദേശങ്ങളാണ് പദ്ധതിയുടെ പരിധിയിൽ വരിക.

കോട്ടയത്ത് കോട്ടയം മുനിസിപ്പാലിറ്റി, കുമരകം, തിരുവാർപ്പ്, അയ്മനം, ആർപ്പൂക്കര, അതിരമ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവയുൾപ്പെടെ ആറു തദ്ദേശ സ്വയംഭരണപ്രദേശങ്ങളും കാസർഗോട്ട് ജില്ലയിൽ കാസർഗോഡ്, ചെമ്മനാട്, ഉദുമ, പള്ളിക്കര, അജാനൂർ, കാഞ്ഞങ്ങാട്, നീലേശ്വരം, ചെറുവത്തൂർ, പിലിക്കോട്, പടന്ന, വലിയപറമ്പ തുടങ്ങി പതിനൊന്ന് തദ്ദേശ സ്വയംഭരണപ്രദേശങ്ങളും പദ്ധതിയുടെ പരിധിയിൽ വരും.



കണ്ണൂരിൽ മീൻകുന്ന് ബീച്ചിനും തലശ്ശേരിക്കുമിടയിലുള്ള രണ്ടു മുനിസിപ്പാലിറ്റികളും അഞ്ച് ഗ്രാമപഞ്ചായത്തുകളുമുൾപ്പെടുന്ന പ്രദേശത്താണ് പദ്ധതി നടപ്പിലാക്കുന്നത്. കണ്ണൂർ, തലശ്ശേരി മുനിസിപ്പാലിറ്റികൾ അഴീക്കോട്, പള്ളിക്കുന്ന, എടക്കാട്, മുഴിപ്പിലങ്ങാട്, ധർമ്മടം എന്നീ പഞ്ചായത്തുകളുമാണ് പദ്ധതിയുടെ പരിധിയിൽ വരിക.


ചുരുക്കത്തിൽ കേരളത്തിൽ ഏറ്റവും വികസന സാധ്യതയുള്ള മേഖലയായ ടൂറിസത്തിൽ സപര്യയിലൂടെ പുതിയൊരു പരീക്ഷണമാണ് നടക്കുന്നത്. നാളിതുവരെയുള്ള ടൂറിസംവികസനം ഉയർത്തിയിട്ടുള്ള ചോദ്യങ്ങൾക്കും ആശങ്കകൾക്കുമുള്ള മറുപടികൂടി സപര്യയിലൂടെ കണ്ടെത്തുകയാണ്.


*(പൊതുമേഖലാ സ്ഥാപനമായ ടൂറിസ്റ്റ് റിസോർട്സ് കേരള ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറാണ് ലേഖകൻ)*

# നമുക്കു പഠിക്കാം.... ലെറ്റസ് ലേൺ.....!

ടൂറിസവ്യവസായത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും, ആ രംഗത്ത് സേവനമനുഷ്ഠിക്കുന്നവരുടെ കാലോചിതവും കാലാകാലങ്ങളിലുള്ളതുമായ പുനർപരിശീലനവും ഗുണപരമായ മുന്നേറ്റവും അവശ്യഘടകങ്ങളാണ്. ഈ അടിസ്ഥാനത്തിന് അംഗീകാരം നൽകിക്കൊണ്ട്, സംസ്ഥാനത്തെ ഹോസ്പിറ്റാലിറ്റി സേവനരംഗത്തു പ്രവർത്തിക്കുന്നവർക്ക് തൊഴിൽപരമായ വൈദഗ്ധ്യം കൈവരുത്താനുള്ള ചുമതല കിറ്റ്സിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ രംഗത്തു നേതൃത്വം നൽകുന്ന നോഡൽ ഏജൻസിയായി കിറ്റ്സിനെ സർക്കാർ ഈയിടെ ചുമതലയേൽപ്പിച്ചു.











നിർണ്ണായകമായ ഈ ദൗത്യത്തിന്റെ ഭാഗമായി ഈയിടെ, സംസ്ഥാനത്തെ വിവിധ ഹോട്ടൽ സ്ഥാപനങ്ങളിൽ, ഫ്രണ്ട് ഓഫീസ്, ഹൗസ് കീപ്പിങ്, ഹോംസ്റ്റേ, ഹൗസ്ബോട്ട്, ഫുഡ് & ബിവറേജസ്, ബാർ മേഖലകളിൽ പണിയെടുക്കുന്നവർക്ക് പുനർപരിശീലനം നൽകുക എന്ന ലക്ഷ്യംവച്ച്, 'ലറ്റസ് ലേൺ' (നമുക്കു പഠിക്കാം) എന്നൊരു പദ്ധതി, ടൂറിസംവകുപ്പിന്റെ സഹകരണത്തോടെ കിറ്റ്സ് ആരംഭമിട്ടിട്ടുണ്ട്.

"ആഗോള വിനോദസഞ്ചാര വിപണിയുടെ വെല്ലുവിളികൾ നേരിടാൻപാകത്തിൽ നമ്മുടെ ഹോസ്പിറ്റാലിറ്റി മേഖലയുടെ മത്സരക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യംവച്ച് സേവനത്തിന്റെ ഗുണനിലവാരം ഉയർത്താനുതകുന്നതരത്തിൽ, തികച്ചും സൗജന്യമായാണ് ഈ പരിശീലനം നൽകുക", കിറ്റ്സ് ഡയറക്ടർ ശ്രീ. കെ.ജി. മോഹൻലാൽ പറഞ്ഞു. "ഇതിനകംതന്നെ വിവിധ ഹോസ്പിറ്റാലിറ്റി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന രണ്ടായിരത്തിലേറെപ്പേർക്ക് കിറ്റ്സിൽ ഈ രീതിയിൽ പുനർപരിശീലനം നൽകിക്കഴിഞ്ഞു."

ഇതിനു പുറമേ, ടൂർ ഓപ്പറേറ്റർമാർ, ടാക്സി ഡ്രൈവർമാർ, ടൂർ ഗൈഡുകൾ, വ്യവസായതൽപ്പരർ തുടങ്ങിയവർക്കും കിറ്റ്സിന്റെ റിസർച്ച് & കൺസൾട്ടൻസി ഡിവിഷനിൽനിന്നും പരിശീലനം നൽകിക്കഴിഞ്ഞു. പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നവർക്ക് ഇമ്മാതിരി പരിശീലനസൗകര്യങ്ങൾ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക്: കിറ്റ്സ്, ഡിപ്പാർട്ട്മെന്റ് ഒഫ് ടൂറിസം & ഡി.റ്റി.പി.സി. ഫോൺ: 0471-2329539, 2339178. ഫാക്സ്: 2323989. മൊബൈൽ: 9447347974, 9745107974. ഇ-മെയിൽ: jojoseph1975@gmail.com

## ടൂറിസവും ജൈവവൈവിദ്ധ്യവും

# ലോക വിനോദസഞ്ചാരദിനാഘോഷം 2010

2010 ലെ ലോക വിനോദസഞ്ചാരദിനം കിറ്റ്സ് ആഘോഷിച്ചത് സാധാരണയിൽനിന്നു വ്യത്യസ്തമായൊരു ശൈലിയിലായിരുന്നു. 'വിനോദസഞ്ചാരവും ജൈവവൈവിദ്ധ്യവും' എന്ന വിഷയത്തെ അധികരിച്ച്, സംസ്ഥാനത്തെ 14 ജില്ലകളിലും അതതു സ്ഥലത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി ചേർന്ന് സെമിനാറുകൾ സംഘടിപ്പിച്ചതായിരുന്നു ആഘോഷങ്ങളുടെ ഒരു സവിശേഷത.



തിരുവനന്തപുരത്തെ ആഘോഷങ്ങൾ കിറ്റ്സ് പ്രിൻസിപ്പൽ ഡോ. ബി. വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

''കേരളത്തിലെ വിനോദസഞ്ചാരമേഖലയും ഇവിടത്തെ ജൈവവൈവിദ്ധ്യവുമായുള്ള പൊക്കിൾക്കൊടിബന്ധം ഉയർത്തിക്കാട്ടി, ഇരുമേഖലകളെക്കുറിച്ചും യുവജനങ്ങളെ ബോധവൽക്കരിക്കുക എന്നതായിരുന്നു സെമിനാറുകളുടെ മുഖ്യലക്ഷ്യം", കിറ്റ്സ് പ്രിൻസിപ്പൽ, ഡോ. എം. വിജയകുമാർ വിശദീകരിക്കുന്നു. "ആഘോഷം അരങ്ങേറാനുതകുന്ന വേദി കണ്ടെത്തുക, ടൂറിസം ക്ലബ്ബ് അംഗങ്ങളെ സെമിനാറിൽ പങ്കെടുപ്പിക്കുക എന്നിവയായിരുന്നു ഡി.റ്റി.പി.ഡി.കളുടെ ദൗത്യം. കിറ്റ്സിലെ പ്രൊഫഷണൽ വിദ്യാർത്ഥികളുടെ സഹകരണത്തോടെ സെമിനാളുകളിൽ വിഷയാവതരണവും വിശദീകരണവും നൽകുന്ന ചുമതല കിറ്റ്സ് ഏറ്റെടുത്തു."



ഗാന്ധിപാർക്കിൽ ഭദ്രദീപം കൊളുത്തിക്കൊണ്ട് ആഘോഷങ്ങൾക്ക് തുടക്കമിടുന്നു



ടൂറിസവും ജൈവവൈവിദ്ധ്യവും: തിരുവനന്തപുരത്ത് നടത്തിയ പ്രസന്റേഷൻ

പതിനാലു ജില്ലകളിലേക്കായി, കിറ്റ്സിലെ എം.ബി.എ-ട്രാവൽ & ടൂറിസം വിഭാഗത്തിലെ 28 വിദ്യാർത്ഥി,വിദ്യാർത്ഥിനികൾ ഉത്സാഹപൂർവം പ്രവർത്തിച്ച്, വിഷയാവതരണത്തിനുതകുന്ന ഒരു പവ്വർപോയിന്റ് പ്രസന്റേഷൻ രൂപകല്പന ചെയ്യുകയും വിദഗ്ധമായ ശൈലിയിൽ അവതരണം നിർവഹിക്കാൻ വേണ്ട പരിശീലനം നേടുകയും ചെയ്തു.

തിരുവനന്തപുരം ജില്ലയിലെ ആഘോഷവേദി കിറ്റ്സിലാണ് തയ്യാറാക്കിയത്. പെയിന്റിങ്ങ്, ഉപന്യാസരചന, ക്വിസ് എന്നീ മത്സരങ്ങളിൽ ടൂറിസം ക്ലബ്ബംഗങ്ങളായ അൻപതിലേറെപ്പേർ പങ്കെടുത്തു. വിജയികൾക്കു സമ്മാനങ്ങൾ നൽകപ്പെട്ടു.

പുതുതായി രൂപവൽക്കരിച്ച കിറ്റ്സ് ടൂറിസം ക്ലബ്ബിന്റെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ. വിജയകുമാർ നിർവഹിച്ചു. പൊതുജന ബോധവൽക്കരണം ലക്ഷ്യമിട്ട്, കിഴക്കേക്കോട്ട ഗാന്ധി പാർക്കിൽ കിറ്റ്സ് സംഘടിപ്പിച്ച ജനസമ്പർക്കയജ്ഞത്തോടെയായിരുന്നു ലോക വിനോദസഞ്ചാരദിനാഘോഷം പര്യവസാനിച്ചത്. ഗാന്ധിപാർക്കിൽ കിറ്റ്സ് വിദ്യാർത്ഥികൾ ആകർഷകമായ പ്രസന്റേഷൻ നടത്തി, വിനോദസഞ്ചാരവും ജൈവവൈവിദ്ധ്യവും എന്നതായിരുന്നു വിഷയം. വൈവിദ്ധ്യസംരക്ഷണത്തിന്റെ പ്രാധാന്യം, ഗാന്ധി പാർക്കിൽ സമ്മേളിച്ച പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ കിറ്റ്സിന്റെ യത്നം വിജയംകണ്ടുവെന്ന് അഭിനന്ദിക്കാം.










# കിറ്റ്സിന്റെ എം.ബി.എ. കോഴ്സ്

## ട്രാവൽ – ടൂറിസം – ഹോസ്പിറ്റാലിറ്റി മേഖലയ്ക്കു മനുഷ്യവിഭവശേഷി ലഭ്യമാക്കാൻ പഠന, പരിശീലന പ്രക്രിയകൾ സമന്വയിപ്പിക്കുന്ന നവസമീപനം

വിശ്വാസ്യതയും വിജയപശ്ചാത്തലവുമുള്ള ഒരു വിദ്യാഭ്യാസസ്ഥാപനത്തിൽനിന്ന് മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (എം.ബി.എ.) ബിരുദം നേടുന്നവർക്ക് മികച്ച കരിയർ



സാദ്ധ്യതകൾ ഏറെയയുള്ള കാലഘട്ടമാണിത്. വളർച്ചയിൽ ലോകത്തെ രണ്ടാം സ്ഥാനത്തുനിൽക്കുന്ന ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എം.ബി.എ. ബിരുദധാരികൾക്കുള്ള നിർണ്ണായക പങ്കിന് അംഗീകാരമായി കിറ്റ്സ് നടത്തുന്ന എം.ബി.എ. കോഴ്സ് ഇതിനകം തന്നെ ഒരുനിര മികവുറ്റ പ്രതിഭകളെ ആദ്യബാച്ചിൽ സജ്ജരാക്കി, വിവിധ ട്രാവൽ-ടൂറിസം മേഖലയിലെ വാണിജ്യ, വ്യവസായ സ്ഥാപനങ്ങളിൽ കാമ്പസ് റിക്രൂട്ട്മെന്റിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തിക്കഴിഞ്ഞു. രണ്ടാമത്തെ ബാച്ചും താമസിയാതെ കോഴ്സ് പൂർത്തിയാക്കി പുറത്തുവരും.

കിറ്റ്സിന്റെ എം.ബി.എ. കോഴ്സ് 6 മാസം വീതമുള്ള നാലു സെമസ്റ്ററുകളിലായി രണ്ടു വർഷംകൊണ്ട് പൂർത്തിയാക്കുന്നതാണ്. മാനേജ്മെന്റ് പഠനത്തിന്റെ അക്കാദമികതലത്തിലെ അംഗീകൃത തത്വങ്ങളെ, ട്രാവൽ-ടൂറിസം-ഹോസ്പിറ്റാലിറ്റി വ്യവസായത്തിൽ പ്രായോഗികമായി പ്രയോജനപ്പെടുത്താൻ ഉതകുന്ന രീതിയിലാണ് കോഴ്സിന്റെ ഘടന രൂപപ്പെടുത്തിയിട്ടുള്ളത്. ടൂറിസവ്യവസായത്തിൽ കേരളത്തിനു കൈവന്നിട്ടുള്ള മുൻതൂക്കം കിറ്റ്സിലെ എം.ബി.എ. വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനത്തിനുതകുന്ന നിരവധി വേദികൾ ലഭ്യമാക്കുന്നതിനൊപ്പം, പഠനം പൂർത്തിയാക്കുന്നവർക്ക് ഒന്നാംകിട കരീയർ സാദ്ധ്യതകളും നൽകുന്നു.

ആദ്യത്തെ രണ്ടു സെമസ്റ്ററുകളിൽ വാണിജ്യ,വ്യവസായ മേഖലകളിലെ പൊതുവായ മാനേജ്മെന്റ് ആവശ്യങ്ങൾ മുൻനിറുത്തിയാണ് പഠനം. ടൂറിസം-പ്രിൻസിപ്പിൾസ് & പ്രാക്ടീസ്, അക്കൗണ്ടിങ്ങ്, മാനേജേരിയൽ ഇക്കണോമിക്സ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, സംഘടനാതല സമീപനങ്ങൾ, സഞ്ചാരഭൂമിശാസ്ത്രം, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, മാർക്കറ്റിങ്ങ്, ബിസിനസ് കമ്മ്യൂണിക്കേഷൻ, റിസർച്ച് സംവിധാനം, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ഇൻ ടൂറിസം മാനേജ്മെന്റ് എന്നിവയിൽ വ്യാപകമായ പഠനാവസരം ലഭ്യമാക്കുന്നു.



ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം മനസിലാക്കാനും വ്യാവസായിക പരിശീലനത്തിനും അവസരം നൽകുന്ന മൂന്നാം സെമസ്റ്ററിൽ ഇലക്ടീവ് വിഷയങ്ങളിലുള്ള പഠനത്തിനാണ് മുൻതൂക്കം. സ്ട്രാറ്റജിക് മാനേജ്മെന്റ്, വാചാപരീക്ഷ എന്നിവ നാലാം സെമസ്റ്ററിലെ പാഠ്യപദ്ധതിയുടെ ഭാഗമാണ്.



ട്രാവൽ & ടൂറിസം മാനേജ്മെന്റ്, സിസ്റ്റംസ് എന്നീ പൊതുശീർഷകങ്ങളിലായി 20 ഉപശീർഷകങ്ങളാണ് ഇലക്ട്രീവ് വിഷയങ്ങളിൽ ഉള്ളത്.

കിറ്റ്സിന്റെ എം.ബി.എ. കോഴ്സിൽ അഡ്മിഷനുള്ള അടിസ്ഥാനയോഗ്യത, ഏതെങ്കിലും വിഷയത്തിൽ മൊത്തം 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദം, ഓൾ ഇന്ത്യാ മാനേജ്മെന്റ് അസോസിയേഷൻ നടത്തുന്ന മാറ്റ് (MAT) പരീക്ഷയിൽ നിശ്ചിത സ്കോർ എന്നവയാണ്.

## നവരാത്രി പൂജയ്ക്കു നിറച്ചാർത്തേകി നിരുബയുടെ *അർദ്ധനാരീശ്വരൻ*

നവരാത്രി പൂജപോലുള്ള വിശേഷാവസരങ്ങൾക്കു നിറപ്പകിട്ടും അർത്ഥവ്യാപ്തിയും നൽകാൻ 'രംഗോളി' ചിത്രകലാരൂപം വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. രംഗോളിയിൽ ദീർഘകാലമായി വൈദഗ്ധ്യം തെളിയിച്ചുപോരുന്ന കിറ്റ്സ് ലൈബ്രേറിയൻ നിരുബ സതീഷ്, 2010 ലെ നവരാത്രി മഹോത്സവത്തിന് തന്റെ കരവിരുതിലൂടെ നിറച്ചാർത്തു പകർന്നു.



വർണങ്ങളുടെ സങ്കലനത്തിലും, പൊതുവായുള്ള വർണബോധത്തിലും, അനുപമമായ വാസനാ വൈഭവം പ്രകടമാക്കിക്കൊണ്ട് നിരുബ വരച്ചൊരുക്കിയ അർത്ഥനാരീശ്വരരൂപം, തിരുവനന്തപുരം ക്ലബിലെ നവരാത്രി ആഘോഷവേളയിലാണ് അനാവരണം ചെയ്യപ്പെട്ടത്.

രണ്ടു പതിറ്റാണ്ടായി തുടരുന്ന രംഗോളി സപര്യയാണ് നിരുബയുടേത്. തിരുവനന്തപുരം ക്ലബ്ബിൽ തീർത്ത 20 അടി നീളവും 15 അടി വീതിയുമുള്ള അർത്ഥനാരീശ്വരരൂപത്തിന് നിറയെ അനുമോദനങ്ങൾ ലഭിച്ചു. കരിക്കട്ടയും നിറമണലും മഞ്ഞളും സമഞ്ജസമായി ഇടകലർത്തി രൂപകൽപന ചെയ്തു തയ്യാറാക്കിയ അർത്ഥനാരീശ്വരരൂപം കാണാൻ ഏറെ സന്ദർശകരെത്തി. പ്രാദേശിക മാദ്ധ്യമങ്ങൾ നിരുബയുടെ കലാവാസനയക്ക് അർഹമായ ശ്രദ്ധ നൽകുകയും ചെയ്തു. നിരുയ്ക്ക് *പാഥേയ*ത്തിന്റെ അഭിനന്ദനങ്ങൾ.

**Subscription:** Paatheyam will be distributed through DTPCs. For subscription, Tourism clubs can contact the Secretary of DTPC in their district. Schools, Colleges and others can contact, DTPC as well as KITTS directly for subscribing to Paatheyam